I.ഇ.ബി. XIIകേരള നിയമസഭ/VIII-20

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 22, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

ഡി.വൈ.എഫ്.ഐ./എസ്.എഫ്.ഐ. പ്രവർത്തകർ നടത്തിയ അക്രമങ്ങൾ

മി. സ്പീക്കർ: ഇന്നലെ കണ്ണൂരിൽ ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. പ്രവർത്തകർ അക്രമങ്ങൾ നടത്തുകയും മുസ്ലിം ലീഗിന്റെയും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെയും ഓഫീസുകൾ തകർക്കുകയും ധർണ്ണ നടത്തിയവരെ പോലീസ് ലാത്തിച്ചാർജ് ചെയ്യുകയും ചെയ്തതിനെത്തുടർന്നു ളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി.ടി.അഹമ്മദ് അലി, കെ.സി.ജോസഫ്, കെ.എം. മാണി, കെ.ബി. ഗണേ ഷ്കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മലപ്പുറത്ത് ക്ലസ്റ്റർ യോഗത്തിനിടെ നടന്ന ജെയിംസ് അഗസ്റ്റിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഇന്നലെ എസ്.എഫ്.ഐ., എ.ഐ.എസ്.എഫ്. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ പഠിപ്പു മുടക്കിന് ആഹ്വാനം നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി നടത്തിയ പ്രകടനം ദീനുൽ ഇസ്ലാം ഗേൾസ് സ്ക്കൂളിനു മുന്നിലെത്തിയപ്പോൾ പ്രകടനക്കാർക്ക് നേരെ മുസ്ലിം ലീഗുകാർ കല്ലെറിയുകയും 5 എസ്.എഫ്.ഐ. പ്രവർത്തകർക്ക് പരിക്കേൽക്കുകയും ചെയ്തു. ഗുരുതരമായി പരിക്കേറ്റ രതീഷ് എന്ന വിദ്യാർത്ഥി എ.കെ.ജി. ആശുപത്രിയിൽ ചികിൽസയിലാണ്. ഈ സംഭവത്തിൽ കണ്ണൂർ ടൗൺ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഉച്ചയ്ക്ക് ഒരു മണിയോടുകൂടി എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. പ്രവർത്തകർ നടത്തിയ പ്രകടനത്തിനു നേരെ ഉണ്ടായ അക്രമസംഭവ ത്തിൽ 18 എം.എസ്.എഫ്.കാരെ പ്രതികളാക്കി കണ്ണൂർ ടൗൺ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വൈകുന്നേരം മട്ടന്നൂർ മാർക്കറ്റിലുണ്ടായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മട്ടന്നൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഈ സംഭവത്തിൽ പ്രതികളായ 8 എസ്.എഫ്.ഐ.ക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവിടെ ക്രമസമാധാന നില നിയന്ത്രണവിധേയമാണ്. ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. സി.ടി. അഹമ്മദ് അലി: ഇന്നലെ പഠിപ്പുമുടക്കിനോടനുബന്ധിച്ച് എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ., സി.പി.എം. പ്രവർത്തകർ കണ്ണൂരിൽ

മുസ്ലീം ലീഗിന്റെയും കോൺഗ്രസ്സിന്റെയും ഓഫീസുകൾ തകർത്തതുൾപ്പെടെ വ്യാപകമായ അക്രമങ്ങൾ നടത്തുകയുണ്ടായി. സ്വതന്ത്രമായ രാഷ്ട്രീയ പ്രവർത്തനം തടസ്സപ്പെടുത്തുംവിധം മുസ്ലീം ലീഗ് ജില്ലാ ആഫീസ് പോലീസ് റെയ്ഡ് ചെയ്തു. മട്ടന്നൂർ ആശുപത്രിക്കു മുമ്പിൽ സമാധാനപരമായി ധർണ്ണ നടത്തിയിരുന്ന മുസ്ലീം പ്രവർത്തകരെ ആക്രമിച്ചു പരിക്കേൽപ്പിച്ചു. അക്രമം തടയുന്നതിനുപകരം പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയാണ് ചെയ്തത്. പാർട്ടി ഓഫീസുകളും കോഴിക്കോട് സി.എച്ച്. സെന്ററും തകർത്ത അക്രമികളെ കണ്ടെത്തി നടപടി സ്വീകരിക്കണം. ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സമാധാനപരമായി സമരം നയിച്ചുവന്ന എസ്.എഫ്.ഐ. ക്കാരെ തല്ലിച്ചതച്ചതിനെത്തുടർന്നാണ് ഈ അനിഷ്ട സംഭവങ്ങളുണ്ടായി ട്ടുള്ളത്. ഈ സംഭവവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അക്രമങ്ങൾക്ക് നേരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നതാണ്. സമാധാനപരമായ അന്തരീക്ഷം തകരാതിരിക്കാനും അനിഷ്ട സംഭവങ്ങളുണ്ടായാൽ ശക്തമായ നടപടി സ്വീകരിക്കാനും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ടതില്ലെന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയ

ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുള്ളിൽ മടങ്ങിവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) 1960-ലെ ലാന്റ് അസ്സസ്സ്മെന്റ് ആക്ട്

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : ഐക്യകേരള സംസ്ഥാന രൂപീകരണത്തിനുമുമ്പ് തിരുക്കൊച്ചി സംസ്ഥാനത്ത് 1950-ലെ തിരുവിതാംകൂർ-കൊച്ചി ലാന്റ് അസ്സസ്സ്മെന്റ് ആക്ടും മലബാർ പ്രദേശത്ത് 1995-ലെ ഗവൺമെന്റ് ഗ്രാന്റ്സ് ആക്ടും പ്രകാരമാണ് സർക്കാർ വക പുറമ്പോക്ക് സ്ഥലങ്ങളിൽ വീട് വച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകിയിരുന്നത്. ഈ രണ്ട് നിയമങ്ങളും ഏകോപിപ്പിച്ച് പോരായ്മകൾ പരിഹരിച്ചാണ് 1960-ൽ നടപ്പിലാക്കിയ കേരള ലാന്റ് അസ്സസ്സ്മെന്റ് ആക്ടിൽ 1964-ൽ കൊണ്ടുവന്ന ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, കന്റോൺമെന്റ്, മറ്റ് നോട്ടിഫൈഡ് പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വീട് നിൽക്കുന്ന സ്ഥലം പതിച്ചുനൽകുമ്പോൾ എസ്. സി./എസ്. ടി. വിഭാഗങ്ങളിൽനിന്ന് കമ്പോളവില ഈടാക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളത്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ സർക്കാർ വക പുറമ്പോക്ക് സ്ഥലങ്ങളിൽ വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് വീടും സ്ഥലവും പതിച്ചുനൽകുന്നതിന് 1995-ൽ ചട്ടം നിലവിൽ വന്നുവെങ്കിലും എസ്.സി./എസ്.ടി. വിഭാഗങ്ങളിൽനിന്ന് കമ്പോളവില ഈടാക്കേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. അതുമൂലം നഗരസഭ/മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെ ഈ വിഭാഗത്തിൽപ്പെട്ട പുറമ്പോക്ക് നിവാസികൾക്ക് പട്ടയം കിട്ടാനുള്ള അവസരം നഷ്ടപ്പെട്ടിരിക്കു

കയാണ്. ഈ സാഹചര്യത്തിൽ പുറമ്പോക്ക് സ്ഥലങ്ങളിൽ വർഷങ്ങൾക്കു മുമ്പ് താമസിച്ചുവരുന്ന ഈ വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-പിന്നോക്കാവസ്ഥ കണക്കിലെടുത്ത് 1995-ലെ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 1960-ലെ ഭൂമി പതിവ് നിയമത്തിലെ സെക്ഷൻ 7 പ്രകാരം നിലവിൽ വന്ന 1964-ലെ ഭൂമി പതിവ് ചട്ട പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുള്ള ഭൂമി പതിച്ചു നൽകുന്നത് പ്രസ്തുത ചട്ടങ്ങളിൽനിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ 13-11-1995-ലെ സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഭൂമി പതിച്ചുനൽകുന്നതിനുള്ള ചട്ടങ്ങൾ നിലവിൽ വരികയും അതിൻപ്രകാരം പ്രസ്തുത പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്ന നടപടികൾ നടന്നുവരുന്നതുമാണ്. 1964-ലെ ഭൂമി പതിവ് ചട്ടം 10 (5) പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി പതിച്ചു നൽകുമ്പോൾ ഭൂമി വില, സർവേ ആന്റ് ഡീമാർക്കേഷൻ ചാർജ്, ഭൂമി പതിവ് കുടിശ്ശിക എന്നിവ ഈടാക്കുന്നതിൽനിന്നും അവരെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ, 1995-ൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം മുനിസിപ്പാലിറ്റിയിൽ 10-ഉം കോർപ്പറേഷനിൽ 5-ഉം സെന്റുവരെ ഭൂമി പതിച്ചുനൽകുന്നതിന് 24,000 രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് 1964-ലെ ചട്ടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള സൗജന്യ നിരക്കിൽ ഭൂമി വില ഒടുക്കിയാൽ മതിയാകുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ ഭൂമി വില, സർവ്വേ ആന്റ്

ഡീമാർക്കേഷൻ ചാർജ്, ഭൂമി പതിവ് കുടിശ്ശിക എന്നിവ ഈടാക്കുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടില്ല. പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടികൾ പുരോഗമിച്ചുവരികയാണ്. അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന 63 താലൂക്കുകളിലും 5 കോർപ്പറേഷനുകളിലും 53 മുനിസിപ്പാലിറ്റികളിലും അടക്കമുള്ള 121 ലാന്റ് അസ്സസ്സ്മെന്റ് കമ്മിറ്റികൾ പുന:സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ വരുത്തുന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ ലാന്റ് അസ്സസ്സ്മെന്റ് കമ്മിറ്റി ഇത് പരിശോധിച്ച് പാവപ്പെട്ട ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്നതിൽ ഇന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും.

(2) മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: മത്സ്യബന്ധന മേഖലയിൽ അടുത്ത കാലത്തായി പലതരത്തിലുള്ള അപകടങ്ങൾ വർദ്ധിച്ചുവരികയാണ്. കടൽക്ഷോഭം മുലമുണ്ടാകുന്ന അപകടങ്ങൾ, കടൽ ശാന്തമായ മത്സ്യബന്ധന വേളയിൽ യാദൃശ്ചികമായി ഉണ്ടാകുന്ന അപകടങ്ങൾ, യന്ത്രവൽക്കൃത വള്ളങ്ങൾ അഗ്നിക്കിരയാകൽ, ഒരു പ്രദേശത്തുനിന്ന് മറ്റു പ്രദേശത്തേയ്ക്ക് മത്സ്യബന്ധനത്തിന് പോകുമ്പോൾ തദ്ദേശവാസികളുമായി സംഘർഷത്തിൽപ്പെട്ടുണ്ടാകുന്ന അപകടങ്ങൾ തുടങ്ങി പലതരത്തിലുള്ള അപകടങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനൊന്നും ഇവർക്ക് യാതൊരു ധനസഹായവും ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളി

മത്സ്യബന്ധനത്തിനിടയിൽ മരിച്ചാൽ കേന്ദ്ര നോംസ് അനുസരിച്ച് പ്രകൃതിക്ഷോഭത്തിൽപ്പെടാത്തതുകൊണ്ട് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് വലിയ തുക പ്രീമിയം അടയ്ക്കാൻ കഴിയാത്തതിനാൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കുന്നില്ല. അതുകൊണ്ട് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ തയ്യാറാകണം. മാത്രമല്ല കടലിൽപ്പോയി മരണമടയുന്നവരുടെ ആശ്രിതർക്ക് കേന്ദ്ര ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ധനസഹായം ലഭ്യമാക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടുത്ത ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെടണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): മൽസ്യത്തൊഴിലാളി മേഖലയിൽ വർഷങ്ങളായി തുടർന്നു വരുന്ന ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് 'മത്സ്യ സുരക്ഷാ' ഇൻഷ്വറൻസ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും ചേർന്ന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിമൂലം രണ്ട് ലക്ഷം പരമ്പരാഗത തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമാകും. മത്സ്യബന്ധനത്തിനിടയിൽ അപകടങ്ങൾ സംഭവിക്കുകയോ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്ന് ആശ്വാസം എത്തിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുന്നതാണ്. പരമ്പരാഗത മേഖലയിലെ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് വള്ളം,

എഞ്ചിൻ, വല എന്നിവ അടങ്ങുന്ന ഒരു മത്സ്യബന്ധന യൂണിറ്റിന്റെ മതിപ്പുവിലയുടെ 75 ശതമാനം ഇൻഷ്വറൻസ് പരിരക്ഷ ഇതുവഴി ലഭിക്കും. യൂണിറ്റാകെ നശിക്കുന്ന കേസ്സുകളിൽ വലയ്ക്ക് പരിരക്ഷ ഉറപ്പ് ലഭിക്കുന്നുണ്ട്. യൂണിറ്റ് വിലയുടെ 1.8 ശതമാനമാണ് പ്രീമിയമായി നിശ്ചയിച്ചിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിയനുസരിച്ച് 200 ലക്ഷം രൂപ വാർഷിക ചെലവായി കണക്കാക്കിയിട്ടുള്ളതിൽ 100 ലക്ഷം രൂപ മത്സ്യത്തൊഴിലാളി വിഹിതമാണ്. സർക്കാർ വിഹിതമായ 100 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിന്റെ കൂട്ടത്തിൽ കടലിൽവച്ച് അപകടം പറ്റുന്നവരെക്കൂടി ഉൾപ്പെടുത്തി ഗൈഡ്‌ലൈൻ തയ്യാറാക്കണമെന്ന നിർദ്ദേശം അടുത്ത ധനകാര്യ കമ്മീഷന് മുന്നിൽ ഉന്നയിക്കുന്നതാണ്. തൊഴിലാളിതന്നെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കണമെന്ന നിർദ്ദേശം ഗവൺമെന്റ് ഇടപെട്ട് ചർച്ച നടത്തിയാണ് പകുതി ഗവൺമെന്റ് അടയ്ക്കണമെന്നുള്ള തീരുമാനത്തി ലെത്തിയത്. പ്രീമിയം പൂർണ്ണമായി ഗവൺമെന്റ് അടയ്ക്കണമെന്ന നിർദ്ദേശം പ്രായോഗികമായ അനുഭവങ്ങൾക്കുശേഷം എല്ലാ വശങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും തടസ്സമില്ല.

**സബ്മിഷൻ**

(1) <u>തീരദേശ നിയന്ത്രണ ചട്ടത്തിൽനിന്ന് ഒഴിവാക്കൽ</u>

<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u>: ഒരുമനയൂർ പഞ്ചായത്തിലെ തീരപ്രദേശത്ത് തീരദേശ നിയന്ത്രണ ചട്ടം കർശനമാക്കിയതോടുകൂടി ജന

ങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി തീരദേശ നിയന്ത്രണ ചട്ടത്തിൽ ഇളവ് വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കടൽ തീരങ്ങളിൽ വേലിയേറ്റ രേഖയിൽ നിന്ന് 500 മീറ്ററും മറ്റ് ജലാശയ തീരത്തെ വേലിയേറ്റ രേഖയിൽ നിന്ന് 100 മീറ്ററോ ജലാശയത്തിന്റെ വീതിയോ ഏതാണോ കുറവ് അത്രയും ദൂരത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങളും ജലാശയം നികത്തലും കേന്ദ്ര ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ പ്രകാരം നിയന്ത്രിച്ചിട്ടുണ്ട്. ആവാസ വ്യവസ്ഥാ പ്രാധാന്യം അർഹിക്കാത്ത കണ്ടൽക്കാട്, ചതുപ്പ് നിലം, വേലിയേറ്റ വേലിയിറക്ക മേഖലകൾ, മത്സ്യ പ്രജനന കേന്ദ്രങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമല്ല. കടൽത്തീരങ്ങളിൽ വേലിയേറ്റ മേഖലയിൽ നിന്ന് ആദ്യ 200 മീറ്ററും കായൽ മേഖലയിൽ 100 മീറ്ററോ കായലിന്റെ വീതിയോ ഏതാണോ കുറവ് അതും യാതൊരു നിർമ്മാണ പ്രവർത്തനവും പുതുതായി അനുവദിക്കാത്ത നിരോധിത മേഖലയാണ്. ഇതിനുശേഷമുള്ള പ്രദേശങ്ങളിൽ നിയന്ത്രണവിധേയമായി നിർമ്മാണ പ്രവർത്തനം അനുവദിച്ചുവരുന്നുണ്ട്. തീരദേശങ്ങളിൽ താമസിക്കുന്ന നിർദ്ധനരായ തദ്ദേശവാസികൾക്ക് ഭവന നിർമ്മാണത്തിനായി തീരദേശ നിയന്ത്രണ ചട്ടത്തിൽ ഇളവ് വരുത്തണമെന്ന നിർദ്ദേശം കേരള തീരദേശ പരിപാലന അതോറിറ്റി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടെങ്കിലും തീരുമാനം ലഭ്യമായിട്ടില്ല. തീരദേശ നിയന്ത്രണ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളും

നിർദ്ദേശങ്ങളും ക്ഷണിക്കുകയും ചെയ്തിരുന്നെങ്കിലും അന്തിമ തീരുമാന മായിട്ടില്ല.

(2) നിയമനങ്ങളിൽ സംവരണ തത്വം പാലിക്കാൻ നടപടി

ശ്രീ. എം.കെ. പ്രേംനാഥ്: പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വിദ്യാലയങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ സംവരണം ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): പൊതുമേഖലാ സ്ഥാപനങ്ങളിൽ മിനി സ്റ്റീരിയൽ കാറ്റഗറിയും വർക്കർ കാറ്റഗറിയും ഒഴികെയുള്ള എല്ലാ തസ്തികക ളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും പി.എസ്.സി.യും വഴിയുള്ള നിയമന ത്തിൽ സംവരണ തത്വം പാലിക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് കണ്ടു പിടിക്കുന്നതിനും പരിഹരിക്കുന്നതിനുമായി ഭരണവകുപ്പുകളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും സഹായിക്കുന്നതിനായി ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് പൊതുമേഖലാ സ്ഥാപനങ്ങളിലെ എസ്.സി./എസ്.ടി. പ്രാതിനിധ്യം മൂന്നു മാസത്തിലൊരിക്കൽ അവലോകനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയും വർഷത്തിലൊരിക്കൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. കെ.ഇ.ആർ. പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശകളിൽ എയ്ഡഡ് സ്കൂളി കളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ തെരഞ്ഞെടുപ്പിൽ മികവും സുതാര്യതയും സാമൂഹ്യ നീതിയും ഉറപ്പുവരുത്തുന്നതിന് നിയമാധിഷ്ഠിത മായ ഒരു സ്വതന്ത്ര ഏജൻസിയെ നിയമനത്തിന്റെ ചുമതല ഏൽപ്പിക്കുക, സാമുദായിക സംവരണം കർശനമായി പാലിക്കുക എന്നിവ ഉൾപ്പെടുത്തിയി

ട്ടുണ്ട്. ഇതിൻമേൽ ആവശ്യമായ ചർച്ചകൾക്കുശേഷമേ സർക്കാർ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(3) <u>സൈനിക് പബ്ലിക് സ്കൂളിന് എൻ.ഒ.സി.</u>

<u>ശ്രീ. എ. പി. അനിൽകുമാർ:</u> വണ്ടൂർ നിയോജകമണ്ഡലത്തിൽ നടുവത്ത് പ്രവർത്തിക്കുന്ന സൈനിക് പബ്ലിക് സ്കൂളിന് അംഗീകാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ. ബേബി</u>): ഈ ഗവൺമെന്റ് ചുമതല ഏറ്റശേഷം സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയമായി പഠിക്കാനും റിപ്പോർട്ട് സമർപ്പിക്കാനുമായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന 2000 ജൂൺ ഒന്നാം തീയതിക്കോ അതിനുമുമ്പോ തുടങ്ങിയതായിരിക്കണമെന്നതും 500 വിദ്യാർത്ഥികളെങ്കിലും ഉണ്ടായിരിക്കണമെന്നതുമായ മാനദണ്ഡം ഈ സ്കൂൾ പാലിച്ചിട്ടില്ലാത്തതിനാൽ പരിഗണിക്കാൻ നിവൃത്തിയില്ല. നിബന്ധന മാറ്റുന്ന ഘട്ടത്തിൽ ആദ്യം ഈ സ്കൂൾ പരിഗണിക്കുന്നതായിരിക്കും.

(4) <u>അഭിലാഷിന്റെ ദുരൂഹമരണം</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> കുന്നത്തൂർ താലൂക്കിൽ പടിഞ്ഞാറേ കല്ലട വില്ലേജിൽ കണത്താട്ടിൽ വീട്ടിൽ അഭിലാഷ് എന്ന യുവാവ് 3-4-08-ന് പുനലൂരിൽ വച്ച് ദുരൂഹ സാഹചര്യത്തിൽ മരിക്കാനിടയായ സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുകയും അദ്ദേഹത്തിന്റെ കുടുംബത്തിന് പരമാവധി സഹായം നൽകുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): അഭിലാഷിന്റെ മരണം സംബന്ധിച്ച് പുനലൂർ പോലീസ്

സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. തുടർന്നും ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിന് പോലീസിന് നിർദ്ദേശം നൽകുന്നതാണ്.

(5) മുന്നാട് സബ് രജിസ്ട്രാർ ഓഫീസ്

ശ്രീ. കെ.വി. കുഞ്ഞിരാമൻ: മുന്നാട് ആസ്ഥാനമായി ഒരു സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ബന്തടുക്ക, കുറ്റിക്കോൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തി മുന്നാട് സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കണമെന്ന് കാസർഗോഡ് രജിസ്ട്രാർ, കാസർഗോഡ് ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഗവൺമെന്റിന് ശുപാർശ ചെയ്തിട്ടുണ്ട്. പുതിയ ഓഫീസ് അനുവദിക്കുമ്പോൾ ഇക്കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(6) ചിറ്റൂർ മിനി സിവിൽ സ്റ്റേഷൻ

ശ്രീ. കെ. അച്ചുതൻ: ചിറ്റൂരിൽ മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ചിറ്റൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം മുടങ്ങാനിടയായ സാഹചര്യം സംബന്ധിച്ച് ഗവൺമെന്റ് വിശദമായി പരിശോധിച്ചു. 2008-ലെ റേറ്റ് റിവിഷൻ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ബിൽഡിംഗ്സ് വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എത്രയും പെട്ടെന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കു

കയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എ.എസ്.-ഉം. ടി.എസ്.-ഉം. നൽകി ചിറ്റൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

(7) ശബരിഗിരി നവീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. രാജു എബ്രഹാം: ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഉണ്ടായ സ്ഫോടന കാരണങ്ങളേയും കമ്പനി നടത്തിയിട്ടുള്ള നവീകരണ പ്രവർത്തനങ്ങളേയും സംബന്ധിച്ച് ഒരു ഉന്നതതല അന്വേഷണം നടത്തണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): കേരളത്തിലെ പ്രധാനപ്പെട്ട ജലവൈദ്യുത പദ്ധതിയായ ശബരിഗിരി പദ്ധതിയിൽ 6 ജനറേറ്ററുകളാണ് നിലവിലുള്ളത്. ഇതിൽ 55 മെഗാവാട്ടിന്റെ 4-ാം നമ്പർ ജനറേറ്റർ 16-5-2008-ന് വൈകുന്നേരം 4.48-ന് പൊട്ടിത്തെറിക്കുകയും പവർഹൗസിൽ തീപിടിത്തമുണ്ടാകുകയും അപകടത്തിൽപ്പെട്ട് കെ.എസ്.ഇ.ബി.-യിലെ മൂന്ന് ജീവനക്കാർ മരണമടയുകയും ചെയ്തു. 1966-ൽ കമ്മീഷൻ ചെയ്ത ശബരിഗിരി ജലവൈദ്യുത പദ്ധതിക്ക് 300 മെഗാവാട്ട് ശേഷിയാണുണ്ടായിരുന്നത്. 35 വർഷം പിന്നിട്ടതിനെത്തുടർന്ന് പദ്ധതി നവീകരിക്കേണ്ടതുണ്ടെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആഗോള ടെന്റർ മുഖേനയാണ് 28-7-02-ൽ പദ്ധതിയുടെ നവീകരണ ചുമതല ഒരു കമ്പനിക്ക് നൽകിയത്. എന്നാൽ 27-1-03-ൽ പദ്ധതിയുടെ പവർഹൗസിൽ തീപിടിത്തമുണ്ടാകുകയും നവീകരണപ്രവർത്തനങ്ങൾ നിറുത്തിവയ്ക്കുകയും വീണ്ടും 25-7-03-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1-7-05-ന് 50 മെഗാവാട്ടിൽ നിന്ന് 60 മെഗാവാട്ടായി ശേഷി വർദ്ധിപ്പിച്ചുകൊണ്ട് നവീകരണം പൂർത്തിയാക്കി.

ഇങ്ങനെ പൂർണ്ണശേഷിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 4-ാം നമ്പർ ജനറേറ്ററാണ് പൊട്ടിത്തെറിക്കുകയും തീപിടിത്തത്തിന് കാരണമാകുകയും ചെയ്തത്. കരാറനുസരിച്ച് യന്ത്രത്തിന് വാറണ്ടി നിലവിലുണ്ട്. ഇത്തരം അപകടങ്ങൾ അസാധാരണമാണെന്നുള്ളതുകൊണ്ട് വിശദമായ സാങ്കേതിക പരിശോധനയിലൂടെ മാത്രമേ അപകട കാരണം മനസ്സിലാക്കാൻ കഴിയൂ. ഇക്കാര്യം അന്വേഷിക്കാൻ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയേയും കമ്പനി നടത്തിയിട്ടുള്ള നവീകരണപ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് സി.ഇ.(എ) യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(8) എസ്.സി/എസ്.ടി. ഐ.ടി.ഐ. കെട്ടിട നിർമ്മാണം

ശ്രീ. ആര്യാടൻ മുഹമ്മദ്: മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ എസ്.സി/എസ്.ടി. വിഭാഗക്കാർക്കുവേണ്ടിയുള്ള ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ.ഗുരുദാസൻ) : 2006-ലാണ് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്ന് 3.75 കോടി രൂപ ചെലവിൽ എസ്.സി/എസ്.ടി. വിഭാഗക്കാർക്കുള്ള ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിന് എസ്റ്റിമേറ്റ് നൽകിയിട്ടുള്ളത്. ആ എസ്റ്റിമേറ്റിന് ഇതുവരെ ഭരണാനുമതി കൊടുത്തിട്ടില്ല. അതിനുശേഷം കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവിനെത്തുടർന്ന് പി.ഡബ്ലിയു.ഡി. ഷെഡ്യൂൾ പുതുക്കി നിർണ്ണയിക്കുന്നതിനുവേണ്ടി ഫയൽ തിരിച്ചയച്ചിട്ടുണ്ട്. പി.ഡബ്ലിയു.ഡി. എസ്റ്റിമേറ്റ് അംഗീകരിച്ചുകഴിഞ്ഞാൽ ഭരണാനുമതി ലഭ്യമാക്കുന്നതിനും ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള തുക അനുവദിക്കുന്നതിനെ സംബന്ധിച്ചും ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്.

(9) പാഴ്മരങ്ങൾ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടു പോകുന്നതിന് നിയന്ത്രണം

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: മട്ടി, പാല, ഇലവ് എന്നീ പാഴ്മരങ്ങൾ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്നത് നിയന്ത്രിച്ച് തീപ്പെട്ടി വ്യവസായത്തെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : മരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 1986-ലെ കേരള അവശ്യ സാധന നിയന്ത്രണ നിയമത്തിൻ കീഴിൽ 2-ാം ഇനമായി തീപ്പെട്ടി വ്യവസായത്തിന് ആവശ്യമായ മട്ടി, പാല, ഇലവ് ഉൾപ്പെടെ 49 ഇനം മരങ്ങളെ സർക്കാർ ഉത്തരവുപ്രകാരം അവശ്യസാധനങ്ങളായി 23-7-1992-ൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ഈ വിഭാഗത്തിൽപ്പെട്ട തടിവിഭവങ്ങൾ സംസ്ഥാനത്തിനകത്ത് നിന്ന് മറ്റൊരു സ്ഥലത്തേയ്ക്കും അന്യ സംസ്ഥാനങ്ങളിലേയ്ക്കും കൊണ്ടുപോകുന്നതിന് നിയന്ത്രണമുണ്ടായിരുന്നു. എന്നാൽ ചിലയിനം മരങ്ങൾക്ക് സംസ്ഥാനത്തിനകത്ത് ഏർപ്പെടുത്തിയ നിയന്ത്രണം കർഷകരേയും ചെറുകിട വ്യവസായങ്ങളേയും വളരെയധികം ദോഷകരമായി ബാധിക്കുന്നു എന്ന് പരാതിവന്നപ്പോൾ സർക്കാർ ഇലവ്, മട്ടി, പാല തുടങ്ങിയ മരങ്ങൾക്ക് സംസ്ഥാനത്തിനകത്ത് ഏർപ്പെടുത്തിയ നിയന്ത്രണം ഒഴിവാക്കി. മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഈ മരങ്ങൾ കയറ്റി അയയ്ക്കുന്നതുമൂലം തീപ്പെട്ടി വ്യവസായം പോലുള്ള വ്യവസായങ്ങൾക്ക് പ്രതിസന്ധി നേരിടുന്നതായി കണ്ടെത്തിയാൽ ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതായിരിക്കും.

(10) മൊബൈൽ ടവറുകൾ

ശ്രീ. വി.ഡി. സതീശൻ: ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതുവഴി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖകളനുസരിച്ചാണ് മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ളത്. ആന്റിനകളിൽ നിന്ന് കുറഞ്ഞ പവറിലുള്ള റേഡിയോ ഫ്രീക്വൻസി വികിരണം ഉണ്ടാകുന്നുണ്ട് എന്നുള്ളത് ശരിയാണ്. അത് ടവറിന്റെ മുകൾഭാഗത്തുമാത്രം ചൂട് വർദ്ധിക്കാൻ ഇടയാകുമെന്നും ആന്റിനയ്ക്ക് ആറ് മീറ്ററിനുള്ളിൽ വന്നാൽ മാത്രമേ വികിരണത്തിന് ദോഷഫലം ഉണ്ടാകുകയുള്ളൂ എന്നും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖകളിൽ പറഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ആന്റിന തറനിരപ്പിൽ നിന്നും വളരെ ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്നതിനാൽ ഇതിൽനിന്നുള്ള വികിരണം ഭൂതലത്തിൽ ജനങ്ങളെ ബാധിക്കാൻ ഇടയില്ല എന്നാണ് അനുമാനം.

(11) ട്രാൻസ്മിഷൻ സർക്കിൾ ആരംഭിക്കാൻ നടപടി

ശ്രീ. കെ.സി. രാജഗോപാലൻ: പത്തനംതിട്ട ജില്ല കേന്ദ്രമാക്കി ട്രാൻസ്മിഷൻ സർക്കിൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : പത്തനംതിട്ട ജില്ലയിൽ ഇപ്പോൾ 11 സബ് സ്റ്റേഷനുകളാണുള്ളത്. 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തി 8 പ്രവൃത്തികൾ പൂർത്തീകരിക്കാനാണ്

ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പത്തനംതിട്ട 220 കെ.വി. സബ്സ്റ്റേഷന്റെ പണി ആരംഭിച്ച് 12-ാം പദ്ധതിയിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിന്റെ ഭാഗമായി ട്രാൻസ്മിഷൻ സർക്കിൾ ആരംഭിക്കുന്നകാര്യം പരിഗണിക്കും.

(12) സയൻസ് ബ്ലോക്കിന്റെ നിർമ്മാണം

ശ്രീ. സി.പി. മുഹമ്മദ്: പട്ടാമ്പി ശ്രീ നീലകണ്ഠ സംസ്കൃത കോളേജിലെ സയൻസ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ ബേബി): പ്രസ്തുത ആവശ്യത്തിനുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഭരണാനുമതി ലഭിക്കുന്നതിന് ഈ തുക അപര്യാപ്തമാണെന്നാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തത്. ഈ വർഷംതന്നെ ഇതിന്റെ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. പട്ടാമ്പി സംസ്കൃത കോളേജിൽ നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് കോടി രൂപ ചെലവിൽ ഒരു അക്കാദമിക് ബ്ലോക്കും 12 ലക്ഷം രൂപ ചെലവിൽ ഒരു ടോയ്ലറ്റ് ബ്ലോക്കും നിർമ്മിക്കുന്നതിന് 11-6-08-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

(13) ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം

ശ്രീ. എം.ജെ. ജേക്കബ്: എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിച്ച് ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ: ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയറും ആയുഷും രണ്ട് ഡിപ്പാർട്ടുമെന്റാണ്. ആർ.സി.എച്ച്. എന്ന പദ്ധതിയാണ് പിന്നീട് ദേശീയ തലത്തിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷനായി രൂപാന്തരപ്പെട്ടത്. ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി പോലെ കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന ആശുപത്രികളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ചികിൽസാ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് നാഷണൽ റൂറൽ ഹെൽത്ത് മിഷന് പ്രോജക്ട് സമർപ്പിച്ചുവെങ്കിലും അതിനാവശ്യമായിട്ടുള്ള ഫണ്ട് ആയുഷ് ഡിപ്പാർട്ടുമെന്റിൽ നിന്ന് പ്രത്യേകമായി വാങ്ങേണ്ടതുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഗൈഡ്ലൈൻ അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് കുറച്ചുകൂടി ഡിസ്പെൻസറികൾ ഡിപ്പാർട്ടുമെന്റ് തലത്തിൽ തുടങ്ങുമ്പോൾ ഏതെങ്കിലും പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ കെട്ടിടസൗകര്യം തരികയാണെങ്കിൽ ഡോക്ടർമാരേയും നേഴ്സുമാരേയും കോൺട്രാക്ട് ബേസിസിൽ നിയമിച്ച് ആശുപത്രികൾ തുടങ്ങുന്നതിനുള്ള ചില പ്രത്യേക സ്കീമുകളെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(14) ക്യാൻസർ രോഗികൾക്ക് യാത്രാസൗജന്യം

ശ്രീ. റോഷി അഗസ്റ്റിൻ: ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ കൺസഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): എല്ലാ വിഭാഗത്തിലുംപെടുന്ന രോഗികൾക്ക് യാത്രാ സൗജന്യം അനുവദിക്കാവുന്ന സാമ്പത്തികഭദ്രത കെ.എസ്.ആർ.ടി.സി.-ക്ക് ഇല്ലാത്ത

സാഹചര്യത്തിൽ റെയിൽവേ സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽനിന്നും ചികിത്സ തേടി പോകേണ്ടി വരുന്ന നിർദ്ധനരായ ക്യാൻസർ രോഗികൾക്ക് യാത്രാ സൗജന്യവും മറ്റ് സൗകര്യങ്ങളും സാമൂഹ്യ സുരക്ഷ പദ്ധതിയിൻകീഴിൽ നൽകുന്ന കാര്യം ആരോഗ്യ വകുപ്പും ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(15) <u>അന്തർജില്ലാ സ്ഥലം മാറ്റവും പ്രൊമോഷനും</u>

<u>ശ്രീ. എ. സി. മൊയ്തീൻ :</u> പൊതുജനാരോഗ്യ രംഗത്ത് സ്തുത്യർഹ സേവനം കാഴ്ചവയ്ക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക് അന്തർജില്ലാ സ്ഥലം മാറ്റം കൊടുക്കുന്നതിനും സൂപ്പർവൈസറി ട്രെയിനിംഗ് യഥാസമയം ലഭ്യമാക്കി പ്രൊമോഷൻ നൽകാനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :</u> അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും ഒഴിവുവരുന്ന തസ്തികയുടെ പത്ത് ശതമാനം അന്തർ ജില്ലാസ്ഥലം മാറ്റം വഴി നികത്താനുള്ള വ്യവസ്ഥ അനുസരിച്ച് ഇപ്പോൾ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. മൂന്നുനാല് വർഷമായി നിറുത്തിവച്ചിരുന്ന ഇൻ സർവ്വീസ് കോഴ്സ് ട്രെയിനിംഗ് പുനരാരംഭിച്ചിട്ടുണ്ട്. പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇക്കാര്യങ്ങൾ കർശനമായി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

(16) <u>ടൂറിസ്റ്റുകളുടെ ബുദ്ധിമുട്ട്</u>

<u>ശ്രീ. തോമസ് ചാണ്ടി:</u> സംസ്ഥാനത്ത് ടൂറിസം രംഗത്തെ വളർച്ചയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിദേശ ടൂറിസ്റ്റുകൾക്കായി ഫൈവ് സ്റ്റാർ/ത്രീ സ്റ്റാർ ഹോട്ടലുകളിൽ അവധി ദിവസങ്ങൾ

ഉൾപ്പെടെ എല്ലാ ദിവസവും ബാർ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : നിലവിലുള്ള ചട്ടപ്രകാരം എല്ലാ മാസവും ഒന്നാം തീയതിയും മഹാത്മാ ഗാന്ധിയുടെ ജന്മദിനം, രക്തസാക്ഷിദിനം, ശ്രീനാരായണ ഗുരുവിന്റെ സമാധി ദിനം, ദു:ഖവെള്ളിയാഴ്ച തുടങ്ങിയ ദിവസങ്ങളിൽ ബാറുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ പാടില്ലെന്നാണ് വ്യവസ്ഥ. ഇതുമായി ബന്ധപ്പെട്ട് ടൂറിസ്റ്റുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടൂറിസം വികസനത്തിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നതാണ്.

(17) ആയുർവേദ ഡിസ്പെൻസറി ആരംഭിക്കാൻ നടപടി

ശ്രീ. ടി. എൻ. പ്രതാപൻ : നാട്ടിക നിയോജകമണ്ഡലത്തിലെ എടത്തുരുത്തി പഞ്ചായത്തിൽ എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗപ്പെടുത്തി ആയുർവേദ ഡിസ്പെൻസറി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും സ്വന്തമായി കെട്ടിടമുണ്ടെങ്കിൽ ഒരു ഡിസ്പെൻസറി വീതം തുടങ്ങുമെന്നുള്ള തീരുമാനപ്രകാരം എടത്തുരുത്തിയിൽ വരുന്ന ആഗസ്റ്റ് മാസത്തിൽ ആയുർവേദ ഡിസ്പെൻസറി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(18) സർവ്വീസ് സഹകരണബാങ്ക് സെക്രട്ടറിയുടെ ആത്മഹത്യ

ശ്രീ. കെ. ബാബു : എറണാകുളം ജില്ലയിലെ കോടനാട് ജില്ലാ സഹകരണബാങ്ക് സെക്രട്ടറി ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ഉന്നതതല ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോടനാട് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ഗോപി 17-03-08-ന് രാത്രി വിഷം കഴിച്ചതിനുശേഷം കാറിൽ യാത്ര ചെയ്യുകയും യാത്രാമധ്യേ തൃപ്പൂണിത്തുറ ഹിൽപാലസിനടുത്തുവച്ച് അപകടത്തിൽപ്പെടുകയും ചികിൽസയിലിരിക്കവേ മരണപ്പെടുകയുമാണുണ്ടായത്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഹിൽ പാലസ് പോലീസ് സ്റ്റേഷനിൽ ക്രൈം 286/08 ആയി കേസെടുത്തിട്ടുണ്ട്. ആത്മഹത്യാ കുറിപ്പിന്റേയും ബാങ്കിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ കേസ് അന്വേഷണം നടത്തിവരികയാണ്. അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(19) കൈവശകൃഷിക്കാർ കബളിപ്പിക്കപ്പെട്ട സംഭവം

ശ്രീ. കെ. കുഞ്ഞിരാമൻ :കയ്യൂർ-ചീമേനി എസ്റ്റേറ്റുകളിൽ കുടിയാൻമാരുണ്ടെന്ന കാര്യം മറച്ചുവെച്ചുകൊണ്ട് ഭൂമി കൈമാറിയതിന്റെ ഫലമായി നൂറുകണക്കിന് കുടുംബങ്ങൾക്ക് കിടപ്പാടം നഷ്ടപ്പെട്ടിരിക്കുകയാണ്. അവർക്ക് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): കാസർഗോഡ് ജില്ലയിലെ ചീമേനി, തിമിലി, കുടക്കാട് എന്നീ വില്ലേജുകളിൽ ശ്രീ. ജോർജ്ജ് തോമസ് കോട്ടുപ്പള്ളി, മെസേഴ്സ് പെരിയാർ പെരിക്കണ്ണി റബ്ബേഴ്സ് ലിമിറ്റഡിൽ നിന്നും ഏറ്റെടുത്ത മിച്ച ഭൂമിയിൽ കൈവശക്കാരായി ലാന്റ് ട്രിബ്യൂണൽവഴി പട്ടയം സമ്പാദിച്ചവർ, മിച്ച ഭൂമി പതിച്ച് കിട്ടാൻ അർഹരായവർ, അർഹതയില്ലാത്തവർ എന്നിങ്ങനെ പല വിഭാഗക്കാരുണ്ട്. ഓരോ വിഭാഗക്കാരുടേയും പ്രശ്നങ്ങൾ വ്യത്യസ്ത രീതിയിലുള്ളതായതു കൊണ്ട് ഇതു പരിഹരിക്കുന്നതിന് നിയമ ഭേദഗതികൾ ആവശ്യമാണ്. കൂടാതെ ഭൂമി അളന്ന് തിരിക്കുന്നതിന് ആവശ്യമായ സർവ്വേയർമാരേയും ഫണ്ടും ലഭ്യമാക്കേണ്ടതുണ്ട്. ഹോസ്ദുർഗ്, കാസർഗോഡ് താലൂക്കുകളിൽ റീ-സർവ്വേ ആരംഭിക്കുന്നതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്ന തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജോർജ് തോമസ് കോട്ടുപ്പള്ളിയിൽ നിന്നും 4263 ഏക്കർ മിച്ച ഭൂമി ഏറ്റെടുക്കുന്നതിന് ലാന്റ് ബോർഡ് ഉത്തരവിട്ടെങ്കിലും ഇനിയും ഏറ്റെടുക്കാൻ ഭൂമി ബാക്കിയുണ്ട്. താലൂക്ക് ലാന്റ് ബോർഡിലുള്ള മിച്ച ഭൂമി സംബന്ധിച്ച കേസ്സ് സമയബന്ധിത മായി പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കുന്നതിനും അർഹരായ ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടിയും ഇതോടൊപ്പം സ്വീകരിച്ചുവരുന്നുണ്ട്.

(20) <u>ബൈപ്പാസ് റോഡ് നിർമ്മാണം</u>

<u>ശ്രീ. സാജുപോൾ:</u> പെരുമ്പാവൂരിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി പെരുമ്പാവൂർ എ.എം.റോഡിലെ പാലക്കാട്ടു താഴംകവല യിൽ നിന്നും എം.സി.റോഡിലെ വല്ലം, വട്ടക്കാട്ടുപടി എന്നിവിടങ്ങളിലേയ്ക്ക് ബൈപ്പാസ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> പാലക്കാട്ട് താഴം കവലയിൽ നിന്നും എം.സി.റോഡിലെ വല്ലം, വട്ടക്കാട്ടുപടി എന്നിവിടങ്ങളി ലേയ്ക്ക് ബൈപ്പാസ് റോഡുകൾ നിർമ്മിക്കുന്നതിനുവേണ്ടി വിശദമായ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. പാലക്കാട്ട് താഴം കവലയിലെ റോഡിന്റെ വീതികൂട്ടുന്നതിനുവേണ്ടി ഇരുവശങ്ങളിലും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാ ക്കിയിട്ടുണ്ട്. എത്രയും വേഗം പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കു ന്നതാണ്.

(21) <u>എസ്.എഫ്.ഐ.-യുടെ ഹർത്താൽ</u>

<u>ശ്രീ. കെ.സി.ജോസഫ്</u>: ഇരിക്കൂർ മണ്ഡലത്തിലെ നടുവിൽ സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലും കാസർഗോഡ് ജില്ലയിലെ രാജപുരം കോളേജിലും വിദ്യാഭ്യാസ ബന്ദിന്റെ പേരിൽ പുറത്തുനിന്നുള്ള ഒരു സംഘം അക്രമികൾ നടത്തിയ അക്രമസംഭവങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് കുറ്റ ക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> വിദ്യാഭ്യാസ ബന്ദിന്റെ പേരിൽ ഇന്നലെ രാജപുരം കോളേജിൽ കെ.എസ്.യു, എ.ബി.വി.പി, എസ്.എഫ്.ഐ പ്രവർത്തകർ തമ്മിൽ വാക്കേറ്റവും അടിപിടിയുമുണ്ടായതായി വിവരം ലഭിച്ചയുടൻ

പോലീസ് സ്ഥലത്തെത്തി വേണ്ട നടിപടികൾ സ്വീകരിച്ചു. കെ.എസ്.യു, എ.ബി.വി.പി, എസ്.എഫ്.ഐ എന്നീ സംഘടനകളിലെ ഓരോരുത്തർക്ക് സംഭവത്തിൽ പരിക്ക് പറ്റി. ഈ സംഭവങ്ങളുടെ പേരിൽ 3 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. നടുവിൽ സെന്റ്മേരീസ് ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് എസ്.എഫ്.ഐ/ഡി.വൈ.എഫ്.ഐ. പ്രവർത്തകർ വരുന്നുവെന്ന് വിവരം ലഭിച്ചയുടൻ എസ്.ഐ.-യും പാർട്ടിയും സംഭവ സ്ഥലത്ത് എത്തിയതിനാൽ മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് പരാതികളൊന്നും പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല. എന്തെങ്കിലും പ്രത്യേക പ്രശ്നമുണ്ടെങ്കിൽ പോലീസ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(22) <u>രതീഷിനെ ആക്രമിച്ച സംഭവം</u>

<u>ശ്രീമതി കെ.കെ.ശൈലജ ടീച്ചർ:</u> വിദ്യാഭ്യാസ ബന്ദിന്റെ ഭാഗമായി നടന്ന അക്രമങ്ങളോടനുബന്ധിച്ച് കേളൂർ പഞ്ചായത്ത് മെമ്പറും എസ്.എഫ്.ഐ. മട്ടന്നൂർ ഏരിയാ ഭാരവാഹിയുമായ ശ്രീ.രതീഷിനെ മുസ്ലീം ലീഗ്/എം.എസ്.എഫ് പ്രവർത്തകർ ആക്രമിച്ച സംഭവത്തിലും ഇതിൽ പ്രതി ഷേധിച്ച് നടത്തിയ പ്രകടനത്തിൽ മട്ടന്നൂർ സി.പി.എം മരുതായി ബ്രാഞ്ച് സെക്രട്ടറി ശ്രീ.ഷാജിയെ യു.ഡി.എഫ്. പ്രവർത്തകർ ആക്രമിച്ച സംഭവ ത്തിലും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ഇന്നലെ (21-7-08) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലുണ്ടായ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് കണ്ണൂരിലെ എസ്.എഫ്.ഐ. നേതാവ് രതീഷ് ഉൾപ്പെടെ 5 എസ്.എഫ്.ഐ. പ്രവർത്തകർ അതീവ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലാണ്. ഇതുസംബന്ധിച്ച് ഒരു

കേസ് രജിസ്റ്റർ ചെയിതിട്ടുണ്ട്. ഊർജ്ജിതമായ അന്വേഷണം നടത്തി പ്രതികളെ കണ്ടെത്താൻ പോലീസിന് നിർദ്ദേശം നൽകുന്നതാണ്.

(23) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ അംഗീകാരം

ശ്രീ. പി. ജയരാജൻ: കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ 1997-നുശേഷം നിയമനം ലഭിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അംഗീകാരവും അനദ്ധ്യാപക ജീവനക്കാർക്ക് പ്രൊട്ടക്ഷനും നൽകാൻ നടപടി കൈക്കൊളളണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പ്രസ്തുത വിഷയം സംബന്ധിച്ച് വിദ്യാഭ്യാസവകുപ്പും ധനകാര്യവകുപ്പും സംയുക്തമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

(24) പ്ലസ് വൺ അഡ്മിഷൻ

ശ്രീ. എം. മുരളി: സംസ്ഥാന ഓപ്പൺ സ്കൂൾ റഗുലർ പ്ലസ് വൺ കോഴ്സ് അഡ്മിഷന്റെ രജിസ്ട്രേഷനുളള അവസാന തീയതി ആഗസ്റ്റ് 10 വരെ നീട്ടുന്നതിനും സ്കൂളിൽ അഡ്മിഷൻ കിട്ടാതെ വരുന്ന കുട്ടികൾക്ക് ഓപ്പൺ സ്കൂളിൽ റഗുലർ കോഴ്സിന് ചേരാനുളള സാഹചര്യമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഓപ്പൺ സ്കൂൾ സിസ്റ്റത്തിൽ പ്ലസ് വൺ റഗുലർ കോഴ്സ് അഡ്മിഷന്റെ രജിസ്ട്രേഷന് അപേക്ഷിക്കാനുളള അവസാന തീയതി ഫൈൻ കൂടാതെ ആഗസ്റ്റ് 7 വരെയും ഫൈനോടുകൂടി ആഗസ്റ്റ് 16 വരെയും നീട്ടിക്കൊടുത്തിട്ടുണ്ട്.

(25) അരീക്കോട് ബ്ലോക്ക് പി.എച്ച്.സി.യെ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. പി.കെ. അബ്ദുറബ്ബ്: അരീക്കോട് ബ്ലോക്ക് പി.എച്ച്.സി.യെ എൻ.ആർ.എച്ച്.എം.പദ്ധതിയിൽപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ഭാഗമായുള്ള കെട്ടിട നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനും അതിന്റെ നിർമ്മാണ പ്രവർത്തനം ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിംഗിനെ ഏൽപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേന്ദ്രത്തിൽ നിന്നും കിട്ടുന്ന പണത്തിന്റെ തോത് അനുസരിച്ചുമാത്രമേ സി.എച്ച്.സി.കൾ അപ്ഗ്രേഡ് ചെയ്യാൻ കഴിയുകയുള്ളൂ. 25 ലക്ഷം രൂപ അനുവദിച്ച അരീക്കോട് സി.എച്ച്.സി.ക്ക് 79 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വന്ന സാഹചര്യത്തിൽ അവിടുത്തെ രോഗികളുടെ തിരക്ക് കണക്കിലെടുത്ത് കുറച്ചുകൂടി പണം അനുവദിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കെട്ടിട നിർമ്മാണത്തിന് തയ്യാറാണെങ്കിൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിൽ വിരോധമില്ല.

(26) ബോർഡർ സെക്യൂരിറ്റി ഫോഴ്സ് ബറ്റാലിയൻ

ശ്രീ. രാജാജി മാത്യു തോമസ്: ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ ഒരു ബറ്റാലിയൻ കേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം അടിയന്തിരമായി വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേരളത്തിൽ ഒരു ബി.എസ്.എഫ്. ബറ്റാലിയൻ കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം

ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ പരിശോധിക്കുന്നതിന് ബി.എസ്.എഫ്.ന്റെ ഉന്നതതല സംഘം കേരളത്തിൽ വരുന്നുണ്ട്. ഇതോടനുബന്ധിച്ച് മറ്റ് അനുബന്ധ സ്ഥാപനങ്ങൾ വരികയും തദ്ദേശവാസികൾക്ക് ജോലി ലഭിക്കുകയും ചെയ്യുന്നതാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ബി.എസ്.എഫ്.-ന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഡിസാസ്റ്റർ മാനേജുമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശീലനം നൽകുന്നതിനും ബി.എസ്.എഫ്. ബറ്റാലിയൻ ഉപകരിക്കും. ഡിസംബർ 31-നുള്ളിൽ സ്ഥലമെടുപ്പ് പൂർത്തിയായാൽ ഉടനെ ബറ്റാലിയന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

(27) <u>ഇന്റർനാഷണൽ കൺവെൻഷണൽ സെന്റർ</u>

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: അതിവേഗതയിലുള്ള വികസനവും ദേശീയ/അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിപാടികളുടെ ബാഹുല്യവും കണക്കിലെടുത്ത് കോഴിക്കോട് നഗരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഇന്റർനാഷണൽ കൺവെൻഷണൽ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം</u>): കോഴിക്കോട് വെള്ളയിലെ കേരള സോപ്സ് ആന്റ് ഓയിൽസിന്റെ കൈവശമുള്ള 3.37 ഏക്കർ ഭൂമിയിൽ മലബാർ കൺവെൻഷണൽ സെന്റർ ആരംഭിക്കുന്നതിന് ഇൻകെൽ 120 കോടി രൂപ മുതൽ മുടക്കുവരുന്ന ഒരു പദ്ധതിക്ക് ഫീസിബിലിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. കോൺഫറൻസ് ഹാൾ, ബിസിനസ് സെന്റർ, ആർട്ട് ഗ്യാലറി, എക്സിബിഷൻ സെന്റർ തുടങ്ങിയവ വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി

മലബാറിലെ ഉല്പന്നങ്ങൾക്ക് പ്രത്യേക വിപണി കണ്ടെത്തുന്നതിനും അനേകംപേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(28) ഓട്ടിസം ബാധിച്ചവരെ പരിശീലിപ്പിക്കാൻ നടപടി

പ്രൊഫ. സി. രവീന്ദ്രനാഥ്: ഓട്ടിസം തുടങ്ങിയ അസുഖങ്ങൾമൂലം വൈകല്യം ബാധിച്ച കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും സ്കൂളുകൾ കേന്ദ്രീകരിച്ച് ഒരു Learning Disability Park എന്ന ആശയം നടപ്പിലാക്കണം. കൊടകര നിയോജകമണ്ഡലത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെയും ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് എം.എൽ.എ.-യുടെയും സഹായത്തോടുകൂടി ഒരു Learning Disability Park ആരംഭിക്കാൻ അനുമതി നൽകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഓട്ടിസം തുടങ്ങിയ അസുഖംമൂലം ശാരീരികവും മാനസികവുമായ വൈകല്യം ബാധിച്ച കേരളത്തിലെ ആയിരക്കണക്കിന് കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് അവർക്ക് പരിശീലനവും ശാസ്ത്രീയമായ ചികിത്സാ സംവിധാനവും ഏർപ്പെടുത്തേണ്ടതുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.-മാർ ഇനിഷ്യേറ്റീവ് എടുക്കുകയാണെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ഓരോ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

(29) യൂണിവേഴ്സിറ്റി മാർച്ച്

ശ്രീ. പി.സി. വിഷ്ണുനാഥ്: കോഴിക്കോട് സർവ്വകലാശാലാ യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടുചെയ്യാൻ അർഹതയുള്ള 30-ഓളം യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാരുടെ അർഹത മതിയായ രേഖകൾ ഹാജരാക്കാൻ കഴിഞ്ഞില്ലെന്ന കാരണം പറഞ്ഞ് റദ്ദാക്കുന്നതിന് സർവ്വകലാശാല അൻപതോളം കോളേജുകൾക്ക് നോട്ടീസ് അയച്ചു. ഈ സാഹചര്യത്തിൽ എം.എസ്.എഫ്.-ഉം കെ.എസ്.യു.-ഉം ഇന്ന് സംയുക്തമായി സർവ്വകലാശാലാ മാർച്ച് നടത്തുകയാണ്. സർവ്വകലാശാല സ്വീകരിച്ച അതീവ ഗുരുതരമായ ഈ സമീപനം പരിശോധിച്ച് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): കോഴിക്കോട് സർവ്വകലാശാലയിലെ കൗൺസിലർമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആക്ഷേപം സർവ്വകലാശാലയുടെ ഗ്രീവൻസ് സെൽ പരിശോധിക്കുകയും കുട്ടികളിൽ നിന്നും വിശദീകരണം തേടുകയും മറുപടികൾ ശേഖരിക്കുകയും അവ അംഗീകരിക്കുകയും ചെയ്തു. വിശദീകരണം നൽകാത്ത 13 കുട്ടികൾ ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ബാലറ്റ് ബോക്സിലൂടെ വോട്ടു ചെയ്യാൻ അവർക്ക് അനുവാദം നൽകി. ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ചാണ് സർവ്വകലാശാല പ്രവർത്തിച്ചിട്ടുള്ളത്. കോളേജ് പ്രിൻസിപ്പൽമാരോ കുട്ടികളോ മറുപടി നൽകാത്ത കേന്ദ്രങ്ങളിൽ മാത്രമാണ് വോട്ടു ചെയ്യുന്നതിന് അനുവാദം നൽകാതിരുന്നതെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(3) വൈക്കം നേരേകടവ്-മാക്കേകടവ്-തൈക്കാട്ടുശ്ശേരി-തുറവൂർ പാലങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. അജിത്: കോട്ടയം, എറണാകുളം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വൈക്കം നേരേകടവ്-മാക്കേകടവ്-തൈക്കാട്ടുശ്ശേരി-തുറവൂർ പാലങ്ങൾ നിർമ്മിച്ച് മലയോരമേഖലയിൽ യാത്രാ സൗകര്യം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്); തുറവൂർ മാക്കേ ലാൻഡിംഗ് റോഡിൽ വരുന്ന തൈക്കാട്ടുശ്ശേരി മാക്കേകടവ് പാലത്തിനും നേരേകടവ് പാലത്തിനും നബാർഡിന്റെ ആർ.ഐ.ഡി.എഫ്.14-ാം പദ്ധതിയിൽപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മണ്ണ് പരിശോധന നടത്തുന്നതിന് എൽ.ബി.എസ്.-നെ ചുമതലപ്പെടുത്തുന്നതാണ്. കോട്ടയം എറണാകുളം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി വൈക്കത്ത് നേരേകടവു പാലവും ചേർത്തലയിൽ മാക്കേകടവു പാലവും നിർമ്മിക്കുന്നതിന് ഗവൺമെന്റ് പ്രത്യേകം പരിഗണന നൽകുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

(1) 2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിനേയും 2008-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബില്ലിനേയും സംബന്ധിക്കുന്ന X-ാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള

പ്രവേശനം ബില്ലിനെ സംബന്ധിക്കുന്ന VI-ാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒൻപതും, പത്തും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) ഹർജികൾ സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന സംബന്ധിച്ച്**

മി.സ്പീക്കർ: ചില സാങ്കേതിക കാരണങ്ങളാൽ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന സഭയുടെ അനുമതിയോടെ മറ്റൊരു ദിവസത്തേയ്ക്കു മാറ്റിവയ്ക്കുന്നു.

**കോടതിയുടെ പരാമർശം**

ശ്രീ. കെ.സി. ജോസഫ്: സ്ത്രീയെ മാനഭംഗപ്പെടുത്തുന്ന കുറ്റത്തിന് ജാമ്യമില്ലാത്തതാക്കി കഠിനശിക്ഷ വ്യവസ്ഥ ചെയ്യുന്നതിന് നിയമനിർമ്മാണസഭ നടപടിയെടുക്കണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിരിക്കുകയാണ്. സുപ്രീംകോടതിയും ദേശീയ നിയമ കമ്മീഷനും ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടും സംസ്ഥാന നിയമസഭ ഇതു കണ്ടില്ലെന്നു നടിക്കുകയാണെന്ന് ജസ്റ്റീസ് കെ. ഹേമ അഭിപ്രായപ്പെട്ടിരിക്കുന്ന കാര്യം ബഹുമാനപ്പെട്ട ചെയർ പരിശോധിക്കണം.

മി. സ്പീക്കർ: കോടതിയുടെ പരാമർശം പരിശോധിക്കുന്നതാണ്.

**ഗവണ്മെന്റ് പ്രമേയം**

സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"കേരളം കടുത്ത വൈദ്യുതി പ്രതിസന്ധിയെ നേരിടുകയാണ്. കാലവർഷം ഇതുവരെ എത്തിയിട്ടില്ല. കേരളത്തിലെ ജലനിലയങ്ങളിലെ ജലസംഭരണം മുൻകാലങ്ങളെ അപേക്ഷിച്ച് മൂന്നിലൊന്ന് മാത്രമാണ്. പ്രതിദിന നീരൊഴുക്ക് എട്ടിലൊന്നായി ചുരുങ്ങിയിരിക്കുന്നു. കഴിഞ്ഞ വർഷം 8000 മില്യൻ യൂണിറ്റ് വൈദ്യുതി ജലനിലയങ്ങളിൽ നിന്ന് ലഭിച്ചിരുന്നത് ഈ വർഷം 4000 മില്യൻ യൂണിറ്റായി ചുരുങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേന്ദ്ര വൈദ്യുതി പദ്ധതികളിൽ നിന്ന് 1041 മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് വിഹിതമായി ലഭിക്കേണ്ടത്. എന്നാൽ ഇന്ധന ലഭ്യത കുറവുമൂലം കേന്ദ്ര വൈദ്യുതി നിലയങ്ങളുടെ ഉൽപാദനം പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ 600 മുതൽ 700 മെഗാവാട്ടു വരെ വൈദ്യുതി മാത്രമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞവർഷം 7300 മില്യൻ യൂണിറ്റ് വൈദ്യുതി കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്ന് ലഭിച്ച സ്ഥാനത്ത് ഈ വർഷം 6000 മില്യൻ യൂണിറ്റ് മാത്രമാണ് ലഭിക്കുമെന്ന് പ്രതീക്ഷിക്കാവുന്നത്. ഈ വർഷം കേരളത്തിനാവശ്യമുള്ള 15500 മില്യൻ യൂണിറ്റ് വൈദ്യുതിയിൽ 5000 മില്യൻ യൂണിറ്റോളം കമ്മി നിലനിൽക്കുകയാണ്. നാഫ്തയുടെ വില ടണ്ണിന് 63,000 രൂപയിലധികമായി ഉയർന്നത് താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതിക്ക് യൂണിറ്റിന് 12.40 രൂപ

വില നൽകേണ്ടി വരുന്നു. ഇത്തരത്തിൽ വില കൂടിയ വൈദ്യുതി വാങ്ങി ഉപയോഗിക്കേണ്ടി വരുന്നത് സംസ്ഥാന വൈദ്യുതിബോർഡിന് താങ്ങാനാവാത്ത സാമ്പത്തിക ബാദ്ധ്യതയാണ് വരുത്തുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്ന് കേരളത്തിന് അർഹതപ്പെട്ട 1041 മെഗാവാട്ട് പൂർണ്ണ തോതിൽ ലഭ്യമാക്കുന്നതിനും കേന്ദ്ര അൺ അലോക്കേറ്റഡ് ഷെയറിൽ നിന്ന് 300 മെഗാവാട്ടെങ്കിലും കൂടുതലായി അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.''

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.സി. ജോസഫ്: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിന്റെ അവസാന ഖണ്ഡികയിൽ ''അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിനോട്'' എന്ന വാക്കുകൾക്കു പകരം ''അനുവദിക്കുന്നതിനും വർദ്ധിപ്പിച്ച തെർമൽ സർച്ചാർജ്ജ് പിൻവലിക്കുന്നതിനും മുൻകാലങ്ങളിൽ ചെയ്തതുപോലെ ആവശ്യമായ സബ്സിഡി വൈദ്യുതി ബോർഡിനു നൽകുന്നതിനും സംസ്ഥാന ഗവൺമെന്റിനോടും'' എന്ന വാക്കുകൾ ചേർക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): അതിരൂക്ഷമായ വൈദ്യുതി ക്ഷാമമാണ് ഇന്നു കേരളത്തിൽ അനുഭവപ്പെടുന്നത്. ഇടുക്കി, മൂഴിയാർ, ഇടമലയാർ എന്നീ ഡാമുകളിലെ വൈദ്യുത ഉല്പാദനശേഷി മുമ്പത്തേതിന്റെ മൂന്നിലൊന്നായി ചുരുങ്ങിയിരിക്കുകയാണ്. ഇടുക്കിയിലെ ജലസംഭരണിയിൽ 230 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലം മാത്രമേ ഇപ്പോൾ

അവശേഷിക്കുന്നുള്ളൂ. ഒരു എനർജി എമർജൻസി പ്രഖ്യാപിച്ചുകൊണ്ട് അടിയന്തിരമായി ഈ സാഹചര്യത്തെ തരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടും കേരളത്തിന്റെ പ്രതിദിന വൈദ്യുതിയുടെ ഉപഭോഗം 43 മില്യൻ യൂണിറ്റാണ്. പീക്ക് ലോഡ് സമയത്ത് കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കേണ്ടുന്ന അൺ അലോക്കേറ്റഡ് ഷെയർ കേരളത്തിന് ലഭ്യമാക്കണം. ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കാനാവശ്യമായിട്ടുള്ള കൽക്കരി, കോൾ ഇന്ത്യ ലിമിറ്റഡ് കമ്പനി പ്രയോറിറ്റി അടിസ്ഥാനത്തിൽ എനർജി മേഖലയ്ക്ക് കൊടുക്കാതെ വിത്തൽ, റിലയൻസ്, ഗോയങ്ക തുടങ്ങിയ സ്വകാര്യ കമ്പനികൾക്കാണ് ഇപ്പോൾ കൊടുത്തു വരുന്നത്. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ വഴി വിവിധ സംസ്ഥാനങ്ങളിലെ ഇലക്ട്രിസിറ്റി ബോർഡുകൾക്ക് ലഭ്യമാക്കേണ്ടുന്ന കേന്ദ്ര വൈദ്യുതി വിഹിതം ഇതുവഴി കുറഞ്ഞിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് വെട്ടിച്ചുരുക്കിയ വൈദ്യുതി പുന:സ്ഥാപിച്ചു കിട്ടണം. ഈ പ്രമേയം ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> പ്രമേയത്തോട് തത്വത്തിൽ യോജിക്കുകയാണ്. കേരളത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ എന്തൊക്കെയാണെന്ന് സഭയെ ബോദ്ധ്യപ്പെടുത്തണം. 2002-03-ൽ സംസ്ഥാനം അതിരൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിട്ട സന്ദർഭത്തിൽ ഗവൺമെന്റ് വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം നികത്താൻ ബഡ്ജറ്റ് സപ്പോർട്ട് കൊടുത്ത് കെ.എസ്.ഇ.ബി.-യെ ശക്തിപ്പെടുത്തുകയുണ്ടായി. അതിന്റെ ഫലമായി മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ വൈദ്യുതി മിച്ചം വയ്ക്കാനും 1000 കോടി

രൂപയ്ക്ക് വിൽക്കാനും ഇലക്ട്രിസിറ്റി ബോർഡിനു കഴിഞ്ഞു. എന്നാൽ ആ ആയിരം കോടി രൂപ കൊണ്ട് ക്രിയേറ്റീവായിട്ടുള്ള ഒരു കാര്യവും ചെയ്യാൻ ഇലക്ട്രിസിറ്റി ബോർഡിന് കഴിഞ്ഞിട്ടില്ല. . കിട്ടുന്ന മഴവെള്ളം പൂർണ്ണമായും ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദിപ്പിച്ചെടുക്കുന്ന കാര്യത്തിൽ കേരളം പരാജയപ്പെട്ടിരിക്കുകയാണ്. അക്യൂട്ട് ഷോർട്ടേജുള്ള സംസ്ഥാനങ്ങൾക്കാണ് കേന്ദ്രപൂളിൽ നിന്നും വൈദ്യുതി കൊടുക്കുന്നത്. കേരളം വൈദ്യുതി വില്പന നടത്തിയതുകൊണ്ട് ആ പരിധിയിൽ വരുന്നില്ല. വൈദ്യുതി ചാർജ് വർദ്ധിപ്പിച്ച് ഈ പ്രതിസന്ധിയുടെ ഉത്തരവാദിത്വം ജനങ്ങളുടെ മേൽ കെട്ടിവയ്ക്കരുത്. കേന്ദ്ര ഗവൺമെന്റിനോട് മാത്രം വൈദ്യുതി ആവശ്യപ്പെട്ടാൽ പോര, ഇലക്ട്രിസിറ്റി ബോർഡ് ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം.

<u>ശ്രീ. എൻ. രാജൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു. ഇടുക്കി, മൂഴിയാർ, ഇടമലയാർ ഡാമുകളിൽ നിന്നാണ് ഇപ്പോൾ കേരളത്തിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. ഒരു എനർജി എമർജൻസി ഏതു നിമിഷവും കേരളത്തിലുണ്ടാകും. കേരളത്തിനർഹതപ്പെട്ട 1041 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കോൾ ഇന്ത്യാ ലിമിറ്റഡ് കമ്പനി കൽക്കരിയുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ചുകൊണ്ട് വിത്തൽ, റിലയൻസ് തുടങ്ങിയ വൻകിട കമ്പനികൾക്ക് സപ്ലൈ ചെയ്യുന്നത് പ്രതിസന്ധിക്ക് കാരണമായിരിക്കുകയാണ്. ആണവോർജ്ജത്തിലേയക്ക് പോകുന്നതിനു പകരം ജലസമ്പത്തുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ശ്രമിക്കണം. വൈദ്യുത പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ട് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: പ്രമേയത്തെ എതിർക്കുകയാണ്. ആണവോർജ്ജമില്ലെങ്കിലും വൈദ്യുതി ഉല്പാദിപ്പിക്കാമെന്ന് വീമ്പിളക്കുന്ന ഒരു സർക്കാരാണ് കേരളം ഭരിക്കുന്നത്. ലോഡ് ഷെഡ്ഡിംഗും വൈദ്യുതി കട്ടും കാരണം ഉല്പാദനരംഗം പരാജയത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. 14 പുതിയ കമ്പനികളുമായി സർക്കാർ കരാറിൽ ഒപ്പിട്ടിരിക്കുകയാണ്. ഉറുമി, ചെമ്പുകടവ് പദ്ധതികളിലായി 40 കോടി രൂപയാണ് നഷ്ടം വന്നിരിക്കുന്നത്. ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കാതെ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി പ്രതിസന്ധി എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. കെ.പി. മോഹനൻ: പ്രമേയത്തെ അനുകൂലിക്കുന്നു. മുൻകാലങ്ങളിലൊന്നും ഇല്ലാത്ത വിധത്തിൽ ഊർജ്ജ പ്രതിസന്ധിയുണ്ടായിട്ടും സംസ്ഥാനത്ത് അര മണിക്കൂർ മാത്രം ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തി പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാനത്തെ സഹായിക്കാനുള്ള ധാർമ്മിക ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റിനുണ്ട്. അർഹതപ്പെട്ട വൈദ്യുതി വിഹിതം പോലും കേന്ദ്ര സർക്കാർ തരുന്നില്ല. കേന്ദ്ര സർക്കാരിന്റെ ഈ സമീപനത്തിനെതിരെ ഭരണ -പ്രതിപക്ഷഭേദമെന്യേ ഒറ്റക്കെട്ടായി നിൽക്കണം.

ശ്രീ. പി.ടി.എ റഹീം: പ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം നൽകാതെ പ്രതിസന്ധി സൃഷ്ടിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആണവ കരാർ ഒപ്പിടാനുള്ള

ഗൂഢാലോചനയാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ പ്രമേയം തികച്ചും സന്ദർഭോചിതമാണ്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: പ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണം. മഴ ചതിച്ചതുകൊണ്ടാണ് വൈദ്യുതി രംഗത്ത് രൂക്ഷമായ പ്രതിസന്ധിയുണ്ടായത്. കൂടുതൽ പണം കൊടുത്ത് വൈദ്യുതി വാങ്ങിയാൽ ഇലക്ട്രിസിറ്റി ബോർഡിന് നിലനിൽക്കാൻ സാധിക്കില്ല. ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കാതെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി വിഹിതം വാങ്ങിയെടുക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച് പ്രവർത്തിക്കണം.

ശ്രീ. പി. ജയരാജൻ: പ്രമേയത്തെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനം അക്ഷരാർത്ഥത്തിൽ വൈദ്യുതി പ്രതിസന്ധിയിലാണ്. ജൂൺ മാസം മുതൽ അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വന്നു. ഇത്തരമൊരു സാഹചര്യത്തിൽ കേന്ദ്ര പൂളിൽ നിന്ന് ആവശ്യമായ വൈദ്യുതി വിഹിതം കേരളത്തിന് ലഭിക്കണമെന്ന ഔദ്യോഗിക പ്രമേയമാണ് കൊണ്ടുവന്നിരിക്കുന്നത്. ഇത് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഏകകണ്ഠമായി പാസ്സാക്കേണ്ട പ്രമേയമാണ്. മഴയുടെ അഭാവംമൂലമുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനാണ് കേന്ദ്രത്തോട് സഹായമാവശ്യപ്പെടുന്നത്. ഇക്കാര്യത്തിലുള്ള പ്രതിപക്ഷത്തിന്റെ സമീപനം നിർഭാഗ്യകരമാണ്. കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട വൈദ്യുതി വിഹിതം കിട്ടണം. 1996-2001-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണ കാലത്താണ് അഞ്ച് താപനിലയങ്ങളും ഏഴ് ജലവൈദ്യുത പദ്ധതികളും

പ്രാവർത്തികമാക്കി വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ചത്. 2000-ത്തോടുകൂടി വൈദ്യുതി ഉൽപ്പാദന രംഗത്ത് കേരളം മിച്ച സംസ്ഥാനമാകുമെന്നാണ് അന്നത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉൽപ്പാദന മേഖല മരവിപ്പിക്കുകയും ഉപഭോഗം വർദ്ധിക്കുകയും ചെയ്തു. കേരളത്തിന്റെ താൽപര്യം സംരക്ഷിക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം പ്രതിപക്ഷത്തിനുമുണ്ട്. കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയാൽ കെ.എസ്.ഇ.ബി. അടച്ചുപൂട്ടേണ്ടിവരും. കേന്ദ്ര ഗവൺമെന്റ് 158 മെഗാവാട്ട് വൈദ്യുതി വിഹിതമാണ് വെട്ടിക്കുറച്ചിരിക്കുന്നത്. കേരളത്തിൽ ഒരു ദിവസം പരമാവധി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി 2500 മെഗാവാട്ടാണ്. നിത്യേന ആവശ്യമുള്ളത് 2900 മെഗാവാട്ടാണ്. മഴയുടെ കുറവും മൂഴിയാർ പവർഹൗസിലുണ്ടായ അപകടവുമാണ് ഇത്രയുമധികം വൈദ്യുതി പ്രതിസന്ധിയുണ്ടാകാൻ കാരണമായിരിക്കുന്നത്.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> : പ്രമേയത്തെ എതിർക്കുന്നു. കേന്ദ്ര വൈദ്യുതി വിഹിതം അനുവദിക്കണമെന്ന കാര്യത്തിൽ തർക്കമില്ല. മഴ പ്രതീക്ഷിച്ചതുപോലെ ലഭിച്ചില്ലെന്നുള്ളത് സത്യമാണ്. പ്ളാനിംഗ് ഇല്ലാത്തതിന്റെ ഫലമായിട്ടാണ് പ്രതിസന്ധിയുണ്ടായത്. വൈദ്യുതി പ്രതിസന്ധിയില്ലാതാക്കാൻ ആണവോർജ്ജവമുൾപ്പെടെയുള്ള കാര്യങ്ങളെ ക്കുറിച്ച് ആലോചിക്കണം.. വൈദ്യുതി പ്രതിസന്ധിയുടെ പേരിൽ ചാർജ്ജ് വർദ്ധിപ്പിക്കാതെ സർക്കാർ സബ്സിഡി നൽകി ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u> : വൈദ്യുതി പ്രശ്നത്തെ സംബന്ധിച്ച് വളരെ ആഴത്തിലുള്ള

അഭിപ്രായപ്രകടനങ്ങളാണ് സഭയിൽ ഉണ്ടായിട്ടുള്ളത്. പവർ ക്രൈസിസ് കേരളത്തിൽ മാത്രമല്ല ഇൻഡ്യാ രാജ്യത്ത് മൊത്തത്തിലുണ്ട്. ഇൻഡ്യയിൽ മൊത്തം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി 76,000 മെഗാവാട്ടും സ്ഥാപിത ശേഷി 1,41,000 മെഗാവാട്ടുമാണ്. ഇന്ധനക്ഷാമം മൂലമാണ് കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കാത്തത്. ഇന്ധനക്ഷാമമുണ്ടാകാൻ കാരണം ഇൻഡ്യാ രാജ്യത്ത് വൻകിടക്കാർക്ക് കടന്നുവരാൻ കഴിഞ്ഞതുകൊണ്ടാണ്. നിലവിലുള്ള സ്ഥാപിതശേഷിയുടെ അത്രയും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആണവപദ്ധതികളെക്കുറിച്ച് ആലോചിക്കുന്നതിൽ അർത്ഥമില്ല. കേന്ദ്ര ഗവൺമെന്റ് സ്റ്റാറ്റ്യൂട്ടറിയായിട്ട് തരാനുള്ള വൈദ്യുതി വിഹിതം തരുന്നില്ല. 2008 ജൂൺ മാസത്തിൽ 729 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഡാമുകളിൽ ഉണ്ടായിരുന്നു. വേനൽ മഴയിൽ നിന്ന് 176 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള അധികജലം കൂടി സംഭരിച്ചുവച്ചു. വൈദ്യുതി ഉൽപ്പാദനം ആസൂത്രണം ചെയ്യുന്നത് ജൂൺ മുതൽ മേയ് മാസംവരെയുള്ള ജലത്തെ ആധാരമാക്കിയാണ്. ജൂൺ ആദ്യം ജലസംഭരണികളിൽ അധികം ജലം സംഭരിച്ച് വച്ചാൽ കാലവർഷം വരുമ്പോൾ അത് നഷ്ടമാകും. അതുകൊണ്ട് ശരാശരി 450 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം മാത്രമേ സംഭരിച്ച് വയ്ക്കാറുള്ളു. കാലവർഷം ചതിച്ചതുകൊണ്ടാണ് ഈ പ്രശ്നമുണ്ടായത്. രണ്ട് വർഷംകൊണ്ട് 1540 കോടി രൂപയുടെ വൈദ്യുതി വിറ്റു. ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള ആശയത്തോട് പ്രതിപക്ഷ നേതാക്കൾക്ക് വിയോജിപ്പില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത്തരമൊരു പ്രതിസന്ധി നേരിടാൻ

പ്രതിപക്ഷത്തിന്റെ കൂടി സഹായം ആവശ്യമാണ്. ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി 31 നെതിരെ 61 വോട്ടുകളോടെ സഭ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠേന അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ധനകാര്യ ബില്ലും 2008-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ധനകാര്യ ബില്ലും 2008-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

നടപടിക്രമങ്ങൾ പാലിച്ചില്ലെന്ന വാദം

ശ്രീ.കെ.എം.മാണി: 2008-09-ലെ ബഡ്ജറ്റിൽ ഏവിയേഷൻ ഫ്യൂവലിന്റെ നികുതി നിരക്കിൽ 4 ശതമാനം കുറവു വരുത്തിയെങ്കിലും സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ആ കുറവ് എടുത്തുകളഞ്ഞതിന്റെ ഫലമായി നികുതി നിരക്ക് പഴയതുപോലെ ആയിരിക്കുകയാണ്. ഇത് തെറ്റായ നടപടിക്രമമാണ്. ബഡ്ജറ്റ് പ്രൊപ്പോസൽസ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ധനകാര്യ ബില്ലിൽ മറ്റൊരു ഭേദഗതിയും കൊണ്ടുവരാൻ പാടില്ലെന്ന് ശക്തർ ആന്റ് കൗൾ പറയുന്നുണ്ട്. 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ്

റവന്യൂസ് ആക്ട് 4(2)(ബി) പ്രകാരം ഒരു ധനകാര്യ ബില്ലിലെ ഡിക്ളയേർഡ് പ്രൊവിഷൻസ് എടുത്തുകളയാൻ പ്രത്യേകമായി റെസൊല്യൂഷനും നോട്ടിഫിക്കേഷനും ആവശ്യമാണ്. ഹോം സ്റ്റേയ്ക്ക് നികുതി ഏർപ്പെടുത്തിക്കൊണ്ടുള്ള പ്രൊവിഷനും ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താതെ നിയമവിരുദ്ധമായിട്ടാണ് കൊണ്ടുവന്നിട്ടുള്ളത്. ഇത്തരത്തിൽ നിയമവിരുദ്ധമായിട്ട് ഇവിടെ കൊണ്ടുവന്നിട്ടുള്ള ധനകാര്യ ബില്ലുകൾ ഓർഡറിലാണോയെന്ന് ചെയർ റൂളിംഗ് നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് ധനകാര്യ ബിൽ സഭയിൽ സമർപ്പിച്ചിട്ടുള്ളത്. 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ 4(2)(എ) പ്രകാരം ധനകാര്യ ബില്ലിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ നിയമാനുസൃതമാണ്. ഹോം സ്റ്റേയെക്കുറിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടില്ലെങ്കിലും ലക്ഷ്വറി ടാക്സിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതിനാൽ സബ്ജക്ട് കമ്മിറ്റിയിൽ ഇത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവരാവുന്നതാണ്. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങളിലും ബഡ്ജറ്റ് ചർച്ചാവേളയിലും തുടർന്നുമൊക്കെ മാറ്റം വരുത്തുന്നതു സംബന്ധിച്ച് കീഴ്‌വഴക്കമുണ്ട്. നികുതി ചുമത്തുന്നതിനും നികുതി വർദ്ധിപ്പിക്കുന്നതിനും ഗവർണറുടെ ശുപാർശ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ഇവിടെ അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നു. 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ്

റവന്യൂസ് ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതായി കാണുന്നില്ല. ഇക്കാര്യം ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയതാണ്. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു. ടാക്സ് കളക്ഷൻ കർശനമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണം. എല്ലാപേർക്കും ഒരേരീതിയിലുള്ള ടാക്സ് എന്ന രീതി അശാസ്ത്രീയമാണ്. സെക്ഷൻ 3(1)(എ) പ്രകാരം അഞ്ച് കോടി രുപയിൽപ്പരം ടേണോവറുള്ള കച്ചവടക്കാർക്ക് നിശ്ചയിച്ചിട്ടുള്ള സർച്ചാർജ്ജ് വർദ്ധിപ്പിക്കണം. അത് സർക്കാരിന് കൂടുതൽ റവന്യൂ വരുമാനവും ലോക്കൽ കച്ചവടക്കാർക്ക് പ്രയോജനവും ലഭിക്കും. കൺസ്യൂമർ ഫെഡറേഷൻ, സിവിൽ സപ്ളൈസ് കോർപ്പറേഷൻ തുടങ്ങിയ പൊതുസ്ഥാപനങ്ങൾക്കും ഈ സർച്ചാർജ്ജ് ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തണം. ഇത് ഒരു നോട്ടിഫിക്കേഷൻ വഴി ചെയ്യുകയാണെങ്കിൽ മൾട്ടി നാഷണൽ കമ്പനികൾ ആ ആനുകൂല്യത്തിനുവേണ്ടി കോടതിയെ സമീപിക്കാൻ തയ്യാറാകും. സെക്ഷൻ 3(എ)-ൽ (സി), (ഡി) ഉപവകുപ്പുകൾ പ്രകാരം 1996 ഏപ്രിൽ 1 മുതൽ 2000 മാർച്ച് 31 വരെ പലിശയുടെ 95 ശതമാനവും 2000 ഏപ്രിൽ 1 മുതൽ 2005 മാർച്ച് 31 വരെ പലിശയുടെ 90 ശതമാനവും ഇളവ് കൊടുക്കും എന്നുള്ളത് പലിശയുടെ 5 ശതമാനവും 10 ശതമാനവുമാക്കി നിജപ്പെടുത്തണം. 3(എ)(4) പ്രകാരം അസ്സെസ്സിംഗ് അതോറിറ്റി കണക്കാക്കുന്ന സർച്ചാർജ്ജിന്റെ 25 ശതമാനം അടയ്ക്കണം എന്നുള്ളത് 50 ശതമാനമാക്കണം. സബ്സെക്ഷൻ (5)-ൽ ഇൻസ്റ്റാൾമെന്റ് അടയ്ക്കാതെ വന്നാൽ ഓർഡർ ക്യാൻസൽ ചെയ്ത് പോകും. ഇതിന് 15 ദിവസം മുൻകൂട്ടിയുള്ള നോട്ടീസ് കൊടുത്ത് ബോധിപ്പിക്കാനുള്ള അവ

സരം നൽകണം. കോടതിയിൽ പോയാൽ ഇത് നിലനിൽക്കില്ല. സെക്ഷൻ 7-ൽ പറയുന്നത് 15 ദിവസം മുൻകൂട്ടിയുള്ള നോട്ടീസ് അനുവദിക്കണം എന്നാണ്. ജനറൽ സെയിൽസ് ടാക്സ് ആക്ടിന്റെ പ്രൊവൈസൊ അനുസരിച്ച് 2008 മാർച്ച് മാസം 31 വരെയുള്ള അസ്സസ്സ്മെന്റ് 2009 മാർച്ച് 31-ന് തീർക്കണമെന്നാണ്. അസ്സെസ്സ് ചെയ്ത് 3 വർഷത്തിൽ കൂടുതലായെങ്കിൽ പിന്നീട് അതിന് സാധിക്കില്ലെന്ന് ഹൈക്കോടതി വിധി വന്നിട്ടുണ്ട്. ഇത് ഓരോ വർഷവും നീട്ടിക്കൊടുത്തിരിക്കുകയാണ്. അതിന്റെ കാരണം വ്യക്തമാക്കുകയും അതാത് അവസരങ്ങളിൽ അത് തീർക്കാനുള്ള നടപടിയുണ്ടാകുകയും വേണം. ടാക്സ് വെട്ടിപ്പ് നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. സെക്ഷൻ 23 (ബി) കുടിശ്ശിക കുറവ് ചെയ്യുന്നത് സംബന്ധിച്ചുള്ളതാണ്. ഇത് സ്വാഭാവികമായും കച്ചവടക്കാർക്ക് അനുകൂലമായി വരുമെന്നതിനാൽ ഒരിക്കലുണ്ടാക്കുന്ന സെറ്റിൽമെന്റ് അവസാനത്തേതായിരിക്കുകയും അതിന്മേൽ അപ്പീലിനുള്ള അവസരം ഒഴിവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യണം. ക്ലാസ്സ്-5 (17) അനുസരിച്ച് വർഷങ്ങളായി റിട്ടേൺസ് കൊടുക്കാതിരിക്കുന്നവരുടെ മാക്സിമം 2 ലക്ഷത്തിൽ കവിയാത്ത തുക ഫൈൻ ചുമത്തി സെറ്റിൽ ചെയ്യാനാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ അതിൽ മിനിമം തുക എത്രയെന്നുകൂടി വ്യക്തമാക്കണം. ബമ്പർ ലോട്ടറിയുടെ തുക വർദ്ധിപ്പിക്കണം. ഏവിയേഷൻ ഫ്യൂവലിന്റെ ടാക്സ് 30 ശതമാനമായി വർദ്ധിപ്പിക്കണം. ഡീസലിനും പെട്രോളിനും ടാക്സ് കുറച്ചിരുന്നുവെങ്കിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കുമായിരുന്നു.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു. 5 കോടി രൂപയിൽ കൂടുതൽ ടേൺഓവർ ഉള്ള 50 ശത

മാനത്തിൽ കൂടുതൽ കേരളത്തിനുപുറത്തുനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവർക്ക് 10 ശതമാനം സെസ്സ് എന്നത് 15 ശതമാനമാക്കി വർദ്ധിപ്പിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളെ ടാക്സേഷന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ നിയമത്തിൽ ഭേദഗതി കൊണ്ടുവരണം. നികുതി കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ കൊടുത്തിരിക്കുന്ന ഇൻസെന്റീവ് കുറേക്കൂടി ഉദാരമാക്കണം. സോഷ്യൽ സെക്യൂരിറ്റി ആക്ട് പെറ്റ് നെയിം ഉപയോഗിച്ച് ഒരു ശതമാനം ലെവി കളക്ട് ചെയ്യുന്ന നിബന്ധന ഒഴിവാക്കണം. ലക്ഷ്വറി ടാക്സ് ഓപ്പൺ ചെയ്ത് ഹോം സ്റ്റേയുടെ കാര്യത്തിൽ നടപ്പിലാക്കുമ്പോൾ വിനോദ സഞ്ചാരമേഖലയുടെ കടയ്ക്കൽ കത്തിവയ്ക്കുന്നതിന് ഇടയാകുന്നതാണ്. പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായും നിരോധിക്കാൻ വ്യവസ്ഥയുണ്ടാകണം. ലോട്ടറിയുടെ പെർസന്റേജ് ഓഫ് റേഷ്യോ വർദ്ധിപ്പിച്ചതനുസരിച്ച് ഈ കാലയളവിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ ഏവിയേഷൻ ടാക്സ് കളക്ഷൻ എത്രയെന്നും വ്യക്തമാക്കണം. നിബന്ധനകൾക്ക് വിരുദ്ധമായി തൊഴിലുറപ്പ് പദ്ധതിത്തുക സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചതിനെക്കുറിച്ച് സി.ആന്റ് എ.ജി റിപ്പോർട്ടിൽ പരാമർശം വന്നിരിക്കുകയാണ്. കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി. ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു കോമൺ ഫണ്ട് രൂപീകരിക്കാൻ സാധിച്ചില്ല. ധനകാര്യ മാനേജ്മെന്റിന്റെ കഴിവ്കേടുമൂലം ആ പദ്ധതി ഫലപ്രാപ്തിയിലെത്താതെപോയി. ആണവക്കരാറിലൂടെ രാജ്യത്തെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധിക്കും. അമേരിക്കൻ സാമ്രാജ്യത്വ ശക്തികളെ കൈകാര്യം ചെയ്യത്തക്ക വിധത്തിൽ വ്യക്തമായ വിദേശനയമാണ് ഇൻഡ്യയ്ക്കുള്ളത്.

ശ്രീ. കെ. ബാബു: വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു. പത്ത് ശതമാനം സർച്ചാർജ് ഏർപ്പെടുത്തുന്നത് വിലക്കയറ്റം നിയന്ത്രിക്കാൻ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സർക്കാർ ഉദ്ദേശിക്കുന്നതിന് വിപരീത ഫലമായിരിക്കും ഇതുമൂലം ഉണ്ടാകുന്നത്. അതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനമുണ്ടാകണം. ഒരു ശതമാനം സെസ് ആരിൽ നിന്ന് പിരിച്ചെടുക്കണമെന്ന കാര്യത്തിൽ വ്യക്തത ഉണ്ടാകണം. അടച്ച പണം ആർ.ആർ.-ൽ ഉൾപ്പെടാത്ത പല സന്ദർഭങ്ങളുമുണ്ടാകുമെന്നതിനാൽ അസസ്സിക്ക് ബോധ്യമാകത്തക്കവിധത്തിൽ ടാക്സ് കണക്കാക്കുമ്പോൾ അസസ്സിയെക്കൂടി കേൾക്കാനുള്ള അപ്പീൽ പ്രൊവിഷൻ 23 (ബി)-യിൽ ചേർക്കണം. അപ്പലേറ്റ് അതോറിറ്റിക്കും കോടതിക്കും ഉത്തരവാദിത്വവും ബാദ്ധ്യതയും നിഷ്ക്കർഷിക്കുമ്പോൾ 10 (എ)-യിൽ ഉദ്യോഗസ്ഥരെ ഒഴിവാക്കിയിരിക്കുന്നു. സബ്സെക്ഷൻ 4, 5 ഇവ കൊണ്ട് 10 (എ)-യുടെ പർപ്പസ് സർവ്വ് ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ടാകും. സ്വർണ്ണത്തിനുള്ള ടാക്സിന്റെ കാര്യത്തിൽ പരസ്പരവിരുദ്ധമായ എക്സ്പ്ലനേഷനുകളിൽ ഏതാണ് ശരി എന്നുള്ളത് വ്യക്തമാക്കണം. ഇൻകം ടാക്സും സെയിൽസ് ടാക്സും അടയ്ക്കുന്ന തീയതികൾ ഏകീകരിക്കണം. അമ്പലങ്ങളോടും പള്ളികളോടുമനുബന്ധിച്ചുള്ള ആഡിറ്റോറിയങ്ങൾക്ക് ടാക്സ് എക്സംപ്ഷൻ നൽകിക്കൊണ്ടുള്ള പ്രൊവൈസോ പുന:സ്ഥാപിക്കണം. പെനാൽറ്റി ക്ലോസ് വസ്തുനിഷ്ഠമായി പരിശോധിക്കണം. മസാജ് പാർലറുകൾക്കുള്ള നികുതി 28 ശതമാനമാക്കി വർദ്ധിപ്പിച്ചതിലൂടെ സർക്കാരിനുള്ള റവന്യൂ വരുമാനത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്. ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കണം. ബേക്കറി ഉൽപ്പന്നങ്ങൾ അവിടെ വിൽക്കുമ്പോൾ 4 ശതമാനവും

അതേ ഉൽപ്പന്നങ്ങൾ ഹോട്ടലുകളിൽ വിൽക്കുമ്പോൾ അര ശതമാനവും ടാക്സ് എന്നതിലെ അനോമലി പരിഹരിക്കണം. ബ്രാന്റഡ് ബേക്കറി ഉൽപ്പന്നങ്ങൾക്കേർപ്പെടുത്തിയ പന്ത്രണ്ടര ശതമാനം നികുതി പുന: പരിശാധിക്കണം. ലോട്ടറിനികുതി പിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. 2001-ൽ അധികാരത്തിൽവന്ന ഗവൺമെന്റാണ് ലോട്ടറികൾക്ക് നികുതിപിരിക്കാൻ തീരുമാനിച്ചത്. 2005-ൽ ലോട്ടറികൾ നിറുത്തലാക്കുകയും പേപ്പർ ലോട്ടറികൾ നിലനിറുത്തുകയും ചെയ്തു. പിന്നീട് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടും പേപ്പർ ലോട്ടറികളിന്മേലുള്ള നികുതി പിരിക്കാനുള്ള നടപടി സ്വീകരിച്ചില്ല. പേപ്പർ ലോട്ടറിക്കാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമാണ് പിന്നീട് ടാക്സ് പിരിക്കാൻ തീരുമാനിച്ചത്. ബി.ജെ.പി.-യുമായി കൂട്ടുചേർന്ന് കേന്ദ്ര ഗവൺമെന്റിനെ താഴെയിറക്കാനാണ് ഇടതുപക്ഷകക്ഷികൾ ശ്രമിക്കുന്നത്.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു. ധനകാര്യ ബില്ലിലെ നികുതി നിർദ്ദേശങ്ങൾ അശാസ്ത്രീയവും യുക്തിരഹിതവും ജനങ്ങളുടെമേൽ അധിക ഭാരം ചുമത്തുന്നതുമാണ്. സാമൂഹ്യസുരക്ഷാ സെസ്സായി സെയിൽസ് ടാക്സിന്റെയും VAT-ന്റെയും മേൽ ഒരു ശതമാനം സെസ് ചുമത്തിയിരിക്കുന്നതുമൂലം സംസ്ഥാനത്തെ ആളോഹരി അധിക ബാധ്യത 33 രൂപയോളം വരും. ജനങ്ങളുടെ മേൽ ഇത്തരത്തിലുള്ള അധിക നികുതിഭാരം ചുമത്തുന്നത് ഒഴിവാക്കണം. ചെറുകിട വ്യാപാര ശൃംഖലയിലേയ്ക്ക് കടന്നുവരുന്ന വൻകിട സ്ഥാപനങ്ങൾക്ക് 10 ശതമാനം സർച്ചാർജ്

ഏർപ്പെടുത്തുന്നതുകൊണ്ട് കുത്തകകളുടെ വരവ് നിയന്ത്രിക്കാനോ നിരുത്സാഹപ്പെടുത്താനോ കഴിയില്ല. ഇത് 15 ശതമാനമെങ്കിലും ആക്കി ഉയർത്തണം. വൻകിട കുത്തകകൾ ചെറുകിട വ്യാപാര മേഖലയിലേയ്ക്ക് കടന്നു വരരുത് എന്നുള്ള കാര്യത്തിൽ അഭിപ്രായ സമന്വയം ഉണ്ടാകണം. നികുതി നിർദ്ദേശങ്ങളിലെ അവ്യക്തത ഒഴിവാക്കണം. ആശുപത്രികളുടെ മുറി വാടക 1000 രൂപയിൽ കൂടുതലാണെങ്കിൽ ലക്ഷ്വറി ടാക്സാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഏററവും കൂടുതൽ രോഗാതുരമായ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നുവെന്ന് നാഷണൽ സാമ്പിൾ സർവ്വേയുടെ റിപ്പോർട്ടിൽ പറയുന്നു. സംസ്ഥാനത്തെ ആയുർദൈർഘ്യം വർദ്ധിച്ചുവരികയാണ്. കൂടുതൽ ആളുകൾ 60 വയസ്സിൽ കൂടുതലുള്ളവരാണ്. ഇവരിൽ ഭൂരിഭാഗവും രോഗികളാണ്. സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവർ കുറഞ്ഞു വരികയാണ്. മൊബൈൽ ഫോൺ റീചാർജ് കൂപ്പണിന്റെ നികുതി ഒഴിവാക്കിയതുമൂലം 400 കോടി രൂപയോളം സംസ്ഥാനത്തിന് നഷ്ടം വരുന്നുണ്ട്. ഇത് ശരിയായ നടപടിയല്ല. ഇത്തരത്തിലുള്ള നികുതിനിർദ്ദേശങ്ങളെ സംബന്ധിച്ച് പുന:പരിശോധന നടത്തണം. കോൺഗ്രസ്സ് ഗവൺമെന്റിന് ദാരിദ്ര്യ നിർമ്മാർജ്ജനത്തെക്കുറിച്ച് വളരെ വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടായിരുന്നു. അതിനുവേണ്ടിയുള്ള രണ്ട് പ്രധാന ഘടകങ്ങളാണ് കുടുംബശ്രീ, ആശ്രയ പദ്ധതികൾ. ഫിനാൻസ് ബില്ലിലെ വ്യവസ്ഥകളും കാഴ്ച്ചപ്പാടും കേരളത്തിലെ പാവപ്പെട്ട ജനവിഭാഗത്തിന് ഗുണകരമല്ല. ഒരു മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക രണ്ട് കോടി രൂപയായി ലിമിറ്റ് ചെയ്തുകൊണ്ട് വർക്കുകളൊക്കെ ചുരുക്കുകയാണ്. വികസനരംഗത്ത് പിന്നോക്കം നിൽക്കുന്ന ജില്ലകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടില്ല.

<u>പ്രൊഫ. എൻ. ജയരാജ്</u>: വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു. വൻകിട സ്ഥാപനങ്ങൾക്ക് 10 ശതമാനം സർച്ചാർജ് ഏർപ്പെടുത്തുന്നതിന്റെ ഭവിഷ്യത്ത് ഏറ്റവും കൂടുതൽ ബാധിക്കാൻ പോകുന്നത് സാധാരണക്കാരെയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സർച്ചാർജിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും വൻകിട കുത്തക വ്യാപാരികളെ നിയന്ത്രിക്കുന്നതിന് സർച്ചാർജ് 15 ശതമാനമായി വർദ്ധിപ്പിക്കുന്നതിനും വ്യവസ്ഥചെയ്യണം. റവന്യൂ റിക്കവറി നടപടികളിൽ ഇളവ് അനുവദിച്ച് നികുതിപിരിവ് കുറച്ചുകൂടി ആകർഷകമാക്കണം. മൊബൈൽ ഫോൺ സിം കാർഡിനും ലോട്ടറി ടിക്കറ്റുകൾക്കും ടാക്സ് ഏർപ്പെടുത്തണം. സോഷ്യൽ സെക്യൂരിറ്റി സെസ് ഏർപ്പെടുത്തുന്നത് എന്ത് പദ്ധതിക്കുവേണ്ടിയാണെന്നുള്ള കാര്യം വ്യക്തമാക്കണം. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന സാധാരണക്കാരെയാണ് അത് കൂടുതൽ ബാധിക്കുക. ടൂറിസം മേഖലയിൽ ഹോം സ്റ്റേ സംവിധാനത്തിൽ കുറേക്കൂടി ശക്തമായ പദ്ധതികൾ വന്നതിനുശേഷം നികുതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്ന തായിരിക്കും ഉചിതം. ദേശീയ തൊഴിലുറപ്പു പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളിൽ അനുവദിച്ച ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ വികസനേതര ചെലവുകൾ വളരെയേറെ വർദ്ധിക്കുകയും വികസന ചെലവുകൾ കുറയുകയും ചെയ്യുന്ന ഒരു പ്രവണതയാണ് ഇപ്പോൾ കാണുന്നത്. ഘടനാപരമായ ഒരു പരിഷ്ക്കരണം ബഡ്ജറ്റിന്റെ കാര്യത്തിലുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ബഡ്ജറ്റ് തുക കൃത്യമായി ചെലവഴിക്കാൻ കഴിയാത്തതിനുകാരണം ബ്യൂറോക്രസി യെടുക്കുന്ന ചില നിലപാടുകളാണ്. വാഴൂർ നിയോജകമണ്ഡലത്തിൽ

പൊൻകുന്നത്ത് സർക്കാർ പണം ചെലവഴിക്കാതെ കമേഴ്സ്യൽ കോംപ്ലക്സ്-കം-മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുക എന്ന ആശയം മുന്നോട്ടുകൊണ്ടുപോകാൻ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ എതിർപ്പുകാരണം കഴിഞ്ഞില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ പ്രൊഫഷണലൈസ് ചെയ്യുക എന്ന ആശയം പ്രായോഗിക തലത്തിൽ എത്തിക്കാൻ ജീവനക്കാരുടെ ഭാഗത്തുനിന്നുമുള്ള സമീപനത്തിൽ മാറ്റം വരുത്തണം. ഭരണ-പ്രതിപക്ഷ ഭേദമെന്യേ വികസന പ്രവർത്തനങ്ങളിൽ സമന്വയത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. എം. എ. വാഹീദ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മൊബൈൽ ഫോണുകളുടെ റീ-ചാർജ് കൂപ്പണുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി ഒഴിവാക്കണം. 2008-ൽ പുതിയ ബഡ്ജറ്റ് നിർദ്ദേശങ്ങൾ വന്നതിനുശേഷം 2007-ലേതിനേക്കാൾ 20 ശതമാനം വില വർദ്ധനവ് ഉണ്ടായിരിക്കുകയാണ്. ഈ നിയമം വരുന്നതോടുകൂടി പത്ത് ശതമാനം സർച്ചാർജ് ഏർപ്പെടുത്തുന്നതും വില വർദ്ധനവുണ്ടാക്കും. സർച്ചാർജ് പിൻവലിക്കുകയും സർച്ചാർജിനുപുറമേ ഒരു ശതമാനം സെസ്സ് ചുമത്താനുള്ള തീരുമാനം ഉപേക്ഷിക്കുകയും ചെയ്യണം. വാറ്റ് നിയമത്തിലെ നിബന്ധനകൾക്കെതിരായ സമീപനാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ആരോഗ്യ സുരക്ഷയ്ക്ക് വേറെ ഫണ്ട് കണ്ടെത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ആരോഗ്യ സുരക്ഷാ പദ്ധതി ഈ ഗവൺമെന്റ് അട്ടിമറിച്ചു. നിരാശ്രയരായ പാവപ്പെട്ടവരെ ഉദ്ദേശിച്ച് നടപ്പിലാക്കിയ ആശ്രയ പദ്ധതിയും തകിടം മറിച്ചു. പുതിയ നികുതി നിർദ്ദേ

ശങ്ങൾ സ്വകാര്യ കുത്തക മുതലാളിമാർക്ക് ചെറുകിട വ്യവസായ രംഗത്തേയ്ക്ക് കടന്നുകയറ്റം നടത്താൻ സഹായകരമാകുന്നതാണ്. ഈ ബിൽ പാസ്സായാൽ സാധാരണക്കാരായ ജനങ്ങളെയാണ് ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്നത്. ബസ് ചാർജ് വർദ്ധിപ്പിച്ചുകൊണ്ട് സാധാരണക്കാരെ പൊറുതി മുട്ടിച്ചിരിക്കുകയാണ്. വൈദ്യുതിയുടെയും വെള്ളത്തിന്റേയും നിരക്കുകൾ വർദ്ധിപ്പിക്കാൻ പോകുകയാണ്. വ്യവസായങ്ങൾക്ക് പവർകട്ട് ഏർപ്പെടുത്തരുത്. വ്യാവസായികാവശ്യത്തിനുള്ള വൈദ്യുതി ഇവിടെത്തന്നെ ഉൽപാദിപ്പിക്കാൻ കഴിയണം. ലോകത്തിൽ ഐ.റ്റി.വ്യവസായത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന ഇൻഡ്യയ്ക്ക് ഈ മേഖലയിൽ കൂടുതൽ വൈദ്യുതി ആവശ്യമാണ്. കുടിവെള്ളം നൽകുന്നതിനും കാർഷിക രംഗത്തും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്കും ഭക്ഷ്യോൽപാദനത്തിനും അടിസ്ഥാന ഘടകം വൈദ്യുതിയാണ്. ഭാവിയിൽ ആണവോർജ്ജത്തിൽനിന്നു മാത്രമേ ചെലവ് കുറഞ്ഞ രീതിയൽ വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്നത് അംഗീകരിക്കാൻ തയ്യാറാകണം. ആണവക്കരാർ രാജ്യത്തിന്റെ വികസനത്തിനാവശ്യമാണ്. യുറേനിയവും സാങ്കേതിക വിദ്യയുമുപയോഗിച്ച് കൂടുതൽ വൈദ്യുതിയുൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ വ്യാവസായിക രംഗത്തും കാർഷിക രംഗത്തും മൂന്നിരട്ടി ഉല്പാദന വർദ്ധനവുണ്ടാക്കാനും ഐ.ടി.-യുൾപ്പെടെയുള്ള മേഖലകൾക്ക് സൗജന്യമായി വൈദ്യുതി നൽകാനും കഴിയും. ഇന്തോ-ആണവകരാറിനെ അനുകൂലിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തയ്യാറാകണം.

<u>ശ്രീ. സി.കെ.പി. പത്മനാഭൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ധനസമാഹരണത്തിന്റെ കാര്യത്തിൽ ധനം പൂർണ്ണമായും കേന്ദ്രം സമാഹരിക്കുന്ന അവസ്ഥയാണ് കാണുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നയം അനുസരിച്ച് പ്രത്യക്ഷ നികുതി കുറയുകയും പരോക്ഷ നികുതി കൂടുകയുമാണ് ചെയ്യുന്നത്. പ്രത്യക്ഷ നികുതിയുടെ കുറവ് രാജ്യത്തെ സമ്പന്ന വർഗ്ഗത്തെ സഹായിക്കുന്നതിന് ഉപകരിക്കും. നികുതി ഏകീകരണം വന്നതോടുകൂടി കൂടുതൽ പ്രതിസന്ധിയുണ്ടായിരിക്കുകയാണ്. സ്വർണ്ണത്തിന് നികുതി വർദ്ധിപ്പിച്ചപ്പോൾ അതിലൂടെ അധികമായി ലഭിക്കുന്ന തുക കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നതിന് ഉപയോഗിക്കുമെന്ന നിലപാട് കേരള സർക്കാർ സ്വീകരിക്കുകയും കർഷകത്തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തു. കേരളത്തിൽ സ്വാഭാവികമായും സർവ്വീസ് ചാർജ് ഇനത്തിലാണ് നികുതികൾ വരുന്നത്. പൊതുവിതരണ രംഗത്ത് യു.ഡി.എഫ്. ഭരണകാലത്ത് ചെലവഴിച്ച തുകയുടെ മൂന്നിരട്ടി തുക കഴിഞ്ഞ രണ്ടുവർഷംകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. അതിന്റെ ഫലമായി രാജ്യത്തൊട്ടാകെ വിലക്കയറ്റമുണ്ടായപ്പോൾ കേരളത്തിൽ വിലനിലവാരം പിടിച്ചുനിറുത്താൻ കഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലത്ത് ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയുംമൂലം കേരളത്തിന്റെ പ്രതിശീർഷ കടം വർദ്ധിക്കുകയായിരുന്നു. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നികുതി കുറച്ചുകൊണ്ടുവരുന്നതിനും കടത്തിന്റെ വളർച്ച തടയുന്നതിനും സാധിച്ചു. മുൻ ഗവൺമെന്റിന്റെ കാലത്ത് മൂലധനച്ചെലവിന്റെ കാര്യത്തിൽ വികസന പ്രവർത്തനങ്ങൾ

മുരടിപ്പിക്കുന്ന അവസ്ഥയായിരുന്നു നിലനിന്നിരുന്നതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികസനത്തിനു വേണ്ടിയുള്ള മൂലധന നിക്ഷേപം പെരുകുകയാണുണ്ടായത്. 2006-07-ൽ 5.67 ശതമാനമായിരുന്ന മൂലധന നിക്ഷേപം 2007-08-ൽ 7.78 ശതമാനമായി വർദ്ധിച്ചു. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് നികുതി പിരിവിൽ തന്നെ വലിയ വർദ്ധനവുണ്ടായി. അതിന്റെ ഫലമായി സാമൂഹ്യ സേവന രംഗത്ത് വളരെയധികം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. വാറ്റ്, ലോട്ടറി നികുതി വരുമാനം എന്നിവ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പേപ്പർ ലോട്ടറിയെ സംരക്ഷിക്കുന്നതിനും ഓൺലൈൻ ലോട്ടറി തിരിച്ചുവരാതിരിക്കാനുമുള്ള നിലപാട് സ്വീകരിക്കണം. കേരളത്തിന്റെ വരുമാന വർദ്ധനവിന് ചില മാർഗ്ഗ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. കേരളത്തിലെ കാർഷികോല്പാദന രംഗത്തെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കണമെങ്കിൽ വാറ്റിനെ മറികടന്നുകൊണ്ടുള്ള കാർഷികാധിഷ്ഠിത വ്യവസായത്തിലേയ്ക്ക് നീങ്ങേണ്ടതുണ്ട്. റബ്ബറിന്റെ 96 ശതമാനം കേരളത്തിൽ ഉല്പാദിപ്പിക്കുമ്പോൾ അതിന്റെ 15 ശതമാനം മാത്രമാണ് ടയർ വ്യവസായത്തിനായി ഉപയോഗിക്കുന്നത്. റബ്ബറിൽ നിന്നും ആർ.എസ്.എസ്.1 (Ribbed Smoke Sheet) ഉണ്ടാക്കാൻ കഴിഞ്ഞാൽ റബ്ബറിന് ഇരട്ടിവിലകിട്ടുമെന്നാണ് പറയുന്നത്. അങ്ങനെ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ കൊണ്ടുവരുമ്പോൾ കേരളത്തിൽ വരുമാന വർദ്ധനവിനുള്ള സ്രോതസ്സുകൾ കണ്ടെത്താൻ കഴിയും. 85 ശതമാനം കുരുമുളക് ഉല്പാദിപ്പിക്കുന്ന കേരളത്തിന് ലോക കമ്പോളത്തിൽ ആധിപത്യം സ്ഥാപിക്കാൻ കഴിഞ്ഞാൽ കൂടുതൽ വരുമാനം കണ്ടെത്താൻ കഴിയും. കേരളത്തിലെ നാളികേരളത്തിന് കൂടുതൽ വിപണന സാധ്യതയും വരുമാന

മാർഗ്ഗവുമുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ കേരസുധ എന്ന പാനീയമുണ്ടാക്കി ആഭ്യന്തര കമ്പോളത്തിൽ വിറ്റഴിക്കാൻ സാധിച്ചാൽ 10 ലക്ഷംപേർക്ക് തൊഴിൽ കൊടുക്കാൻ കഴിയുമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി കുടിവെള്ളം, ഊർജ്ജം, പാർപ്പിടം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാൻ നടപടി സ്വീകരിച്ചു. റോഡ്, പാലം എന്നിവയ്ക്ക് 1000 കോടി രൂപ ചെലവഴിക്കുന്നതിനുള്ള പദ്ധതി കേരളത്തിൽ പ്രഖ്യാപിച്ചു. കേരളത്തിൽ നടപ്പാക്കുന്ന പദ്ധതികളിലെ ധനചോർച്ച കണ്ടെത്തി അതിന് വഴിയൊരുക്കുന്ന പഴുതുകൾ അടയ്ക്കണം. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവരുന്ന നികുതി നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയാണ്. ആഢംബര വസ്തുക്കൾക്ക് നികുതി വർദ്ധിപ്പിക്കണം. ഭൂനികുതി വർദ്ധിപ്പിക്കണം. വസ്തുക്കളുടെ പോക്കുവരവിന് ഈടാക്കിക്കൊണ്ടിരിക്കുന്ന തുകയും വർദ്ധിപ്പിക്കണം. എം.ഡി.ആർ-ഒ.ഡി.ആർ.-കളിൽ കേബിളുകൾ കുഴിക്കുന്നതിന് അധിക ചാർജ് ഈടാക്കണം. ലോകം മുഴുവൻ അമേരിക്കയെ ഒറ്റപ്പെടുത്താൻ മുന്നോട്ടു വരുമ്പോൾ ആണവോർജ്ജത്തിന്റെ പേരു പറഞ്ഞുകൊണ്ട് അമേരിക്കയ്ക്ക് പിന്തുണ നൽകാനാണ് കേന്ദ്രം ശ്രമിക്കുന്നത്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: 2008-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാരിന്റെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ് നികുതി വരുമാനം. അത് ശാസ്ത്രീയവും നീതിപൂർവ്വവും സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്നതുമായിരിക്കണം. നികുതി നിരക്ക് വർദ്ധിപ്പിക്കാതെ

പുതിയ മേഖലകൾ കണ്ടെത്തി കൂടുതൽ ആളുകളെ നികുതിയുടെ പരിധിയിൽ കൊണ്ടുവരണം. ടാക്സ് നിരക്ക് വർദ്ധിപ്പിക്കാതെ ടാക്സിന്റെ ബെയ്സ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ബമ്പർ ലോട്ടറിയുടെ നികുതി നിരക്ക് വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. കേരളത്തിലെ ആഭ്യന്തര ഉല്പാദനവും കടവും തമ്മിലുള്ള അനുപാതം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. റവന്യൂ വരുമാനത്തിന്റെയും റവന്യൂ ചെലവിന്റെയും വളർച്ചാനിരക്കുകൾ തമ്മിലുള്ള അന്തരം സംസ്ഥാനം നേരിടുന്ന വലിയ വെല്ലുവിളിയാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് റവന്യൂ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ലാന്റ് റവന്യൂ മേഖലയിൽ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം. ആഢംബര വസ്തുക്കൾക്ക് ലക്ഷ്വറി ടാക്സ് ചുമത്തണം. പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തിലേയ്ക്ക് ആളുകളെ ആകർഷിക്കാനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണം. കാർഷികാദായനികുതി പരിഷ്ക്കരിക്കണം. വ്യാപാര-വ്യവസായ മേഖലകളിൽ റീവാമ്പിംഗ് നടത്തണം. വ്യവസായ വ്യാപാര മേഖലയിലെ നികുതി പ്രശ്നങ്ങൾ അയൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തി പരിഷ്ക്കരിക്കണം. നികുതി വെട്ടിപ്പ് തടയാൻ നടപടി സ്വീകരിക്കണം. ചെക്കു പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടറൈസ് ചെയ്യുകയും അവിടത്തെ ഗതാഗതതടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. കമ്പ്യൂട്ടറൈസ്ഡ് വേയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കണം. വാണിജ്യനികുതി, എക്സൈസ്, മോട്ടോർ വെഹിക്കിൾസ്, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകളെ

യോജിപ്പിച്ചുകൊണ്ട് സംയോജിത ചെക്ക്പോസ്റ്റെന്ന ആശയം നടപ്പിലാക്കണം. കോടതികളിലേയും അപ്പലേറ്റ് ട്രൈബ്യൂണലുകളിലേയും കേസ്സുകൾ തീർപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ ശാസ്ത്രീയമായ നികുതി നിർദ്ദേശങ്ങളെ കണ്ണടച്ച് എതിർക്കുന്ന സമീപനം പ്രതിപക്ഷം ഉപേക്ഷിക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദീർഘവീക്ഷണത്തോടും ലക്ഷ്യബോധത്തോടും കൂടിയ ധനകാര്യ മാനേജുമെന്റാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിൽ കുടുങ്ങിയാണ് പല പദ്ധതികളും നടപ്പാകാതെ പോകുന്നത്. ഇത് പരിഹരിക്കാൻ യു.ഡി.എഫ് ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല. നിലവിലുള്ള അധികാരം കൂടി കവർന്നെടുക്കാനുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഭരണ വകുപ്പുകൾക്ക് സാമ്പത്തിക അധികാരം വർദ്ധിപ്പിച്ചു കൊടുക്കുന്നതിനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മൂന്ന് കോടിവരെയുള്ള വർക്കുകൾക്ക് ഭരണാനുമതി നൽകാനുള്ള അധികാരം ബന്ധപ്പെട്ട വകുപ്പിലെ വർക്കിംഗ് ഗ്രൂപ്പിനു നൽകുകയാണ്. മൂന്ന് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് രണ്ട് ആഴ്ചയ്ക്കുള്ളിൽ അംഗീകാരം കൊടുക്കാനുള്ള സംവിധാനം ധനകാര്യ വകുപ്പിൽ ഏർപ്പെടുത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷൻ, ട്രെയിനിംഗ്,

വിദേശയാത്ര, സ്വകാര്യ കെട്ടിടങ്ങൾക്ക് വാടക നിശ്ചയിക്കൽ, മൂന്ന് ലക്ഷം രൂപവരെയുള്ള കെട്ടിടം പൊളിക്കൽ, മരംമുറിക്കൽ തുടങ്ങിയ നിരവധി കാര്യങ്ങളുമായി ബന്ധപ്പട്ട ഫയലുകൾ ധനകാര്യ വകുപ്പിന്റെ കൺകറൻസിന് വരേണ്ടതില്ലെന്ന് പ്രഖ്യാപിച്ചു. കഴിഞ്ഞ ഗവൺമെന്റിന് ലോട്ടറി നികുതി ഇനത്തിൽ ഒരു കാശുപോലും പിരിച്ചെടുക്കാൻ സാധിച്ചി ട്ടില്ല. കേന്ദ്ര ഗവൺമെന്റ് ഓൺ ലൈൻ ലോട്ടറി കൊണ്ടുവരാനുള്ള നീക്കമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ലേട്ടറിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും ഏജന്റുമാർക്കും ക്ഷേമനിധി കൊണ്ടുവരാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ലോട്ടറി രംഗത്തെ വിറ്റുവരവ് 237.28 കോടി രൂപയാ യിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ആദ്യത്തെ മൂന്ന് മാസക്കാ ലംകൊണ്ട് 60 ശതമാനം വളർച്ചയാണ് ലോട്ടറി വരുമാനത്തിൽ ഉണ്ടായിട്ടുള്ളത്. ലോട്ടറി മേഖലയിൽ നിന്ന് ഈ വർഷം 500 കോടി രൂപ യുടെ വരുമാനം സംസ്ഥാന ഖജനാവിന് ലഭിക്കാൻ പോകുകയാണ്. കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് സംസ്ഥാനത്തെ രക്ഷിക്കാനുള്ള ശ്രമവുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോയി ക്കൊണ്ടിരിക്കുന്നത്.

ധനകാര്യവകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : സബ്ജക്ട് കമ്മിറ്റിയിൽ ബില്ലിനെക്കുറിച്ച് നടന്ന വിശദമായ ചർച്ചയിൽ നല്ലൊരു പങ്കും യോജിച്ച നിലപാടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ച അംഗങ്ങൾ അഞ്ച് കാര്യങ്ങളിൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. അതിൽ മൂന്ന് കാര്യങ്ങളിൽ പൊതുവിൽ യോജിക്കുകയും രണ്ട് കാര്യങ്ങളിൽ വിയോജിക്കുകയുമാണ്.

ഇൻഡ്യയിൽ ആദ്യമായിട്ടാണ് ബഹുരാഷ്ട്ര കുത്തക കമ്പനികളുടേയും ദേശീയ കുത്തക കമ്പനികളുടേയും മേൽ റീട്ടെയിൽ ചെയിനുകൾക്ക് സർച്ചാർജ് ചുമത്താൻ ശ്രമിക്കുന്നത്. ഇതിൽ നിയമപ്രശ്നങ്ങളുള്ളതുകൊണ്ട് വളരെ കരുതലോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. 10 ശതമാനം സർച്ചാർജിൽ ആരംഭിക്കുകയും വർദ്ധിപ്പിക്കുന്ന കാര്യം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ തീരുമാനിക്കുകയും ചെയ്യാം. പൊതുമേഖലാ സ്ഥാപനങ്ങളെ സർച്ചാർജിൽനിന്ന് ഒഴിവാക്കണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. ചില ക്ളാസ്സ് ഓഫ് ട്രേഡേഴ്സിനെ ഒഴിവാക്കുന്ന കാര്യം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതാണ് നല്ലത് എന്ന നിയമപരമായ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ അതിനുള്ള എക്സ്ക്ളൂസീവ് റൈറ്റ് സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഒഫിഷ്യലായി ഒരു ഭേദഗതി കൊണ്ടുവരികയാണ്. ആംനെസ്റ്റിയുടെ കാര്യത്തിലും അഭിപ്രായ വ്യത്യാസമില്ല. റിക്കവറി പ്രൊസീഡിംഗ്സ് തുടങ്ങിവച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ കേസ്സുകളിൽ ആംനെസ്റ്റി കൊണ്ടുവരുന്നത് സംബന്ധിച്ച് ഒരു ഒഫിഷ്യൽ ഭേദഗതി കൊണ്ടുവരികയാണ്. ടോക്കൺ പ്രൊവിഷൻ എന്നുള്ള നിലയ്ക്ക് 10 ശതമാനം പലിശ ഈടാക്കുന്നത് വേണ്ടെന്ന അഭിപ്രായത്തോട് യോജിക്കുന്നില്ല. പഴയ നിരക്കിൽ പിരിച്ച നികുതി സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ബില്ലിൽ ഒരു ക്ളാസ്സ് ഔദ്യോഗികമായി ഉൾപ്പെടുത്തുന്നതാണ്. മൊബൈൽ ഫോണിന്റെ റീച്ചാർജ്ജ് കൂപ്പണിന് ചുമത്തിയ നികുതി പിൻവലിക്കുന്ന കാര്യം അംഗീകരിക്കാൻ നിവൃത്തിയില്ല. ആരോഗ്യ ഇൻഷ്വറൻസ് സ്കീം ഭാഗമായി ഒരു സ്പെഷ്യൽ ഫണ്ടിംഗ് ഏർപ്പെടുത്തുന്നതിനുവേണ്ടിയാണ് വ്യാപാരികളിൽനിന്ന് സെസ് പിരിക്കുന്നത്. ടൂറിസം മേഖലയെ ടാക്സ്

നെറ്റിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഹോംസ്റ്റേയ്ക്ക് അര ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട മണ്ഡപങ്ങളിന്മേലുള്ള നികുതി ഔദ്യോഗിക ഭേദഗതി കൊണ്ടുവന്ന് ഒഴിവാക്കുന്നതാണ്. ആയിരം രൂപയ്ക്ക് മുകളിൽ വാടകയുള്ള മുറിയെടുക്കുന്നവർക്ക് മാത്രമാണ് ഹോസ്പിറ്റലിൽ നികുതി ബാധകമാകുന്നത്. ആരോഗ്യമേഖലയിൽ നിലവിലുള്ള സംവിധാനം സബ്സിഡൈസ് ചെയ്യാൻ വേണ്ടിയാണ് ഇത്. കെ.ജി.എസ്.റ്റി. പെന്റിംഗ് കേസുകളിൽ ഏതാണ്ട് 10 ശതമാനം കേസുകൾ മാത്രമാണ് പൊട്ടൻഷ്യലായിട്ടുള്ളത്. ഇവ പൂർണ്ണമായി തീർക്കാൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ വകുപ്പുകൾ നിയമത്തിലുൾപ്പെടുത്തും. അപ്പീൽ കേസുകൾ എത്രയുംവേഗം തീർപ്പാക്കുന്നതിന് ബെഞ്ചുകളുടെ എണ്ണം 5-ൽ നിന്ന് 28 ആക്കി വർദ്ധിപ്പിച്ചു. ബേക്കറി ഉൽപ്പന്നങ്ങൾക്ക് നിലവിലുള്ള നികുതി തന്നെയാണ് ഈടാക്കാൻ നിശ്ചയിച്ചത്. ചെറുകിട ബേക്കറികളെ സംരക്ഷിക്കാൻ വേണ്ടിയാണ് രജിസ്റ്റേർഡ് ബ്രാന്റഡ് ബേക്കറി ഉൽപ്പന്നങ്ങൾക്ക് പന്ത്രണ്ടര ശതമാനം നികുതി ഏർപ്പെടുത്തിയത്. നികുതി സമാഹരണത്തെ ബാധിക്കുമെന്നതിനാൽ മാർച്ച് 31-ന് വ്യാപാരികൾ സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് നൽകണമെന്ന കാര്യത്തിൽ ഇളവ് അനുവദിക്കുന്നില്ല. സ്വർണ്ണനികുതിയുമായി ബന്ധപ്പെട്ട എക്സ്പ്ലനേഷൻ 4-ൽ മുൻവർഷത്തെ ബ്രാഞ്ചിനെക്കുറിച്ചും 5-ൽ നടപ്പുവർഷത്തെ ബ്രാഞ്ചിനെക്കുറിച്ചുമാണ് പറയുന്നത്. അവ പരസ്പര വിരുദ്ധമല്ല. ടാക്സ് ഇവേഷൻ തടയുന്നതിന് സിസ്റ്റർ കൺസേൺ എന്നത് വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. കെ.ജി.എസ്.ടി. ആക്റ്റിലെ പ്രൊവിഷൻ തന്നെയാണ് പെനാൽറ്റിയുടെ കാര്യത്തിൽ വാറ്റിലും ഉൾപ്പെടു

ത്തിയിട്ടുള്ളത്. വർദ്ധിച്ചുവരുന്ന മൂലധനച്ചെലവ് ബഡ്ജറ്റ് റീസ്ട്രക്ചറിന്റെ തെളിവാണ്. സർക്കാർ ആഫീസുകളിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ആധുനികവൽക്കരണം ആവശ്യമാണ്. അക്കാര്യത്തിൽ സർക്കാരിന് പുതിയ സമീപനങ്ങൾ സ്വീകരിക്കേണ്ടിവരും. സി.ആന്റ്.എ.ജി. റിപ്പോർട്ട് പരിശോധിച്ച് പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ദേശസാൽകൃത ബാങ്കുകളില്ലാത്തതുകൊണ്ടാവാം ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയ്ക്കനുവദിച്ച പണം സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചത്. ആണവക്കരാർ രാജ്യത്തിന്റെ പരാമാധികാരത്തിനും വിദേശ നയത്തിനും വെല്ലുവിളി ഉയർത്തുന്നതാണ് എന്നത് വസ്തുതയാണ്.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ധനകാര്യ ബില്ലും 2008-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. In sub-section (1) of Section 3A proposed to be inserted by clause (d) of the Bill, before the word "tribunal" the word and symbol 'court', shall be inserted.

ശ്രീ. ആര്യാടൻ മുഹമ്മദ്: 114, 148, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.ബി. ബാബുപ്രസാദ്: 116-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 117-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: 119, 139, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 125, 153 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ്.എം. പുതുശ്ശേരി: 126-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.എം.എ. വാഹീദ്: 127, 160 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.കെ.ബാബു: 129, 152 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 131, 163 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.സി.ടി. അഹമ്മദ് അലി: 132,147,156 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനു വേണ്ടി ശ്രീ. കെ. ബാബു: 135, 136 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ' In Section 3 (1A) of the Kerala Surcharge on Taxes Act, 1957 proposed to be inserted by Clause 2 (a) for "in the case of big retail chains, including direct marketing chains" substitute "in the case of national or multi national companies functioning in the State as

retail chains or direct marketing chains" എന്ന 114-ാം നമ്പർ ഭേദഗതിയും for "for the amount of penalty" substitute "the amount of penalty" എന്ന 148 (2) ഭേദഗതിയും delete the word "for" before the words "amount of" എന്ന 148 (3) ഭേദഗതിയും ശ്രീ. കെ. ബാബു അവതരിപ്പിച്ച After "franchisee agreements" add "or other wise" എന്ന 129 (3) ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതികളും ശ്രീ. കെ.ബാബു അവതരിപ്പിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

ധനകാര്യ വകുപ്പുമന്ത്രി<u> (ഡോ. തോമസ് ഐസക്):</u> വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. In Sub-section (1) of Section 23 B proposed to be inserted by sub-clause (3) of the Bill, for the word 'Tribunal' the words "court, tribunal or appellate authority" shall be substituted.

ശ്രീ. കെ. സി. വേണുഗോപാൽ: 164-ാം നമ്പർ ഭേദഗതി അവതരിപ്പി ക്കുന്നു.

ശ്രീ. ബി.ബാബുപ്രസാദ്: 165, 200 എന്നീ നമ്പർ ഭേദഗതികൾ അവതരി പ്പിക്കുന്നു.

ശ്രീ. എം. മുരളി: 167,193 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 168, 187, 201 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുവേണ്ടി ശ്രീ. കെ. ബാബു: 169, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 173, 180, 185, 188 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 175-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 172, 181 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 196-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 199-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 168 (1) "for the words "section 45 A or 29 A" substitute the words "section 45A or Section 29A" എന്ന ഭേദഗതി സ്വീകാര്യമാണ്. വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 168 (1) ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) After sub-section (1) of section 4 of the Act, proposed to be inserted by item (a) of sub-clause (2) of clause 4 of the Bill, the following proviso shall be inserted, namely:-

“Provided that the sub-section shall not apply to halls and auditoriums located within the premises of “places of worship” owned by such institutions”.

(2) In Sub-section (1) of Section 10 B proposed to be inserted by sub-clause (6), for the word 'tribunal' the words "court, tribunal or appellate authority" shall be substituted.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 202, 206 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: 203, 223, 231 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ്: 204, 209 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: 207, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 210, 242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 213, 241 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുവേണ്ടി ശ്രീ. കെ. ബാബു: 220, 240 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 221, 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 224-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. എ. വാഹീദ്</u>: 229, 238 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: 230-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ 202-ഉം ശ്രീ. എം. എ. വാഹീദിന്റെ 238 (2)-ഉം ഭേദഗതികൾ സ്വീകരിക്കുന്നു. വാക്കാൽ ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ In section 2 (de) of the Kerala Tax on Luxuries Act, 1976 proposed tobe inserted by Clause 4 (1) (a), after the words " ayurvedic cure or care centre" the words "Sidha Centre" shall be added എന്ന 202-ാം നമ്പർ ഭേദഗതിയും ശ്രീ. എം. എ. വാഹീദിന്റെ for the word "assesses" substitutes "assessees" എന്ന 238 (2)-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(277) In the tenth proviso to sub-section (1) of section 6 of the Act, proposed to be inserted by clause 5 (3) (ii) after the words and figures “at 0.5 percent” the words and symbol “and that no tax is payable under sub-section (2)” shall be added at the end.

ശ്രീ. എം. മുരളി: 245, 251 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: 246-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 248-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: 249-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 255-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുവേണ്ടി ശ്രീ. കെ. ബാബു: 256 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. കെ. സി. വേണുഗോപാൽ: 271-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ് : 272-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: 275-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

വാലിഡേഷൻ ക്ലാസ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വാലിഡേഷൻ ക്ലാസ് ചേർക്കുന്നതിനുള്ള വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(278) After clause 6, the following clause shall be inserted, namely;

"7. Validation:- Notwithstanding anything contained in the Kerala General Sales Tax Act, 1963 (15 of 1963) and the Kerala Value Added Tax Act, 2003 (30 of 2004), during the period from 1st April, 2008 to the date of publication of this Act, during which the declared provisions contained in the Kerala Finance Bill, 2008 (Bill No.178 of the XIIth Kerala Legislative Assembly) were in force, anything done or any action taken by virtue of the said provisions of the said Bill shall be deemed to have been validly done or taken under this Act and no action shall lie against any dealer or authority on the ground of short levy or refund of excess tax, and tax collected or paid by a dealer, if any, shall be paid over to the government."

വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

വാലിഡേഷൻ ക്ലാസ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

വാലിഡേഷൻ ക്ലാസ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(109) for clause 1 (2) the following shall be substituted, namely:-

"(2) save as otherwise provided in this Act,-

(a) clause (b) of sub-section (6), sub-section (16), sub-section (17), sub-section (20), item (iii) and serial No.60 inserted by item (iv) of clause (a) of sub-section (22) of section 5 shall be deemed to have come into force on the 1st day of April, 2005;

(b) 3rd proviso to clause (ii) of sub-section (3) of section 5 shall be deemed to have come into force on the 24th day of April, 2007;

(c) items (v), (vi) and (vii) of clause (b) of sub-section (22) of section 5, shall be deemed to have come into force on the 22nd day of October, 2007;

(d) The remaining provisions of this Act shall be deemed to have come into force on the 1st day of April, 2008.".

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുവേണ്ടി ശ്രീ. കെ. ബാബു: 108-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 111-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2008-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം 19-നെതിരെ 57 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

### (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

### 2-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 111, 146 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: 112, 141 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: 117-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: 118, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 121, 151 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 122, 155 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 124-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: 127-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2008-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 19-നെതിരെ 57 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 6.25-ന് പിരിഞ്ഞു.

----------